

# ആരോഗ്യരംഗത്തെ വികസന വഴികൾ......

## ആലപ്പുഴ ജില്ല





തയ്യാറാക്കിയത്

ജില്ല എജ്യൂക്കേഷൻ & മീഡിയ വിഭാഗം

**ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം)**

**ആലപ്പുഴ**

# വിഷയസൂചി


| | വിഷയം | | പേജ് |
|---|---|---|---|
| 1 | ആമുഖം | | 3 |
| 2 | വികസന നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ | | 8 |
| 3 | വികസന പന്ഥാവിൽ ഗവ. ടി. ഡി. മെഡിക്കൽ കോളേജ് | | 10 |
| 4 | നിയമസഭ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങളിലൂടെ | | 18 |
| | 4.1 | അരൂർ | 19 |
| | 4.2 | ചേർത്തല | 25 |
| | 4.3 | ആലപ്പുഴ | 30 |
| | 4.4 | അമ്പലപ്പുഴ | 35 |
| | 4.5 | കുട്ടനാട് | 41 |
| | 4.6 | ഹരിപ്പാട് | 45 |
| | 4.7 | കായംകുളം | 48 |
| | 4.8 | മാവേലിക്കര | 53 |
| | 4.9 | ചെങ്ങന്നൂർ | 57 |
| 5 | അഭിമാന നേട്ടങ്ങൾ | | 61 |
| 6 | നൂതനാശയങ്ങളും പുതുവഴികളും | | 52 |
| | 6.1 | നീനു | 65 |
| | 6.2 | ബോധ്യം വാട്സാപ്പ് ചാനൽ | 66 |
| | 6.3 | മുറ്റത്തെത്തും ആരോഗ്യം | 67 |
| | 6.4 | പീടികത്തിണ്ണയിൽ | 68 |
| | 6.5 | I am a TB Warrior | 69 |
| | 6.6 | അമരം | 70 |
| | 6.7 | പ്രിയം | 71 |
| | 6.8 | Half Birthday | 72 |
| | 6.9 | ഈഡിസിന് ഇടമില്ല | 73 |
| | 6.10 | ALERT | 74 |
| | 6.11 | മിന്നാമിന്നിക്കൂട്ടം | 75 |
| | 6.12 | ലിറ്റിൽ ചാമ്പ്യൻസ് | 76 |

## 1
## ആമുഖം



ആരോഗ്യമുള്ള ജനത ഏതൊരു നാടിന്റെയും സമ്പത്താണ്. ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിലും സംരക്ഷിക്കുന്നതിലും പൊതുജനാരോഗ്യ സംവിധാനങ്ങൾ വലിയ പങ്കുവഹിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടെ കേരളത്തിലെ പൊതുജനാരോഗ്യമേഖലയിൽ കൈവരിച്ച അനിതരസാധാരണമായ നേട്ടങ്ങളുടെ നേർചിത്രങ്ങൾ മറ്റുജില്ലകളിലേതുപോലെ ആലപ്പുഴ ജില്ലയിലും ദൃശ്യമാണ്. കഴിഞ്ഞ നാലു വർഷത്തിനിടെ (2001-2025) ജില്ലയിലെ ആരോഗ്യമേഖലയിൽ അനുഭവവേദ്യമായ മാറ്റങ്ങളുടെ അടയാളപ്പെടുത്തലാണ് ഈ റിപ്പോർട്ട്.

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ആർദ്രം മിഷൻ, ദേശീയ ആരോഗ്യ ദൗത്യം, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) എന്നിവ വഴി ലഭ്യമാക്കിയ ധനസഹായം, എം.എൽ.എ. - എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, സംസ്ഥാന സർക്കാരിന്റെ ഹെൽത്ത് ഗ്രാന്റ് മുതലായവ വിനിയോഗിച്ച് ആശുപത്രികൾക്കും ആരോഗ്യകേന്ദ്രങ്ങൾക്കും പുതിയ കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ആധുനിക ചികിത്സ സംവിധാനങ്ങൾ ഒരുക്കൽ തിടങ്ങി ആരോഗ്യരംഗത്ത് സമഗ്രമായ മാറ്റങ്ങൾക്കാണ് ഈ കാലയളവിൽ ജില്ല സാക്ഷ്യം വഹിച്ചത്.

ആലപ്പുഴ വണ്ടാനത്ത് സ്ഥിതിചെയ്യുന്ന ഗവ. ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ നഗരത്തിലെ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചെങ്ങന്നൂർ, മാവേലിക്കര എന്നീ ജില്ല ആശുപത്രികൾ, ചേർത്തല, ഹരിപ്പാട്, കായംകുളം എന്നിവിടങ്ങളിലെ താലൂക്ക് ആസ്ഥാന ആശുപത്രികൾ, തുറവൂർ, പുളിങ്കുന്ന് എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികൾ എന്നിവയാണ് ജില്ലയിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ. ഇതു കൂടാതെ, 2 ഹെൽത്ത് ട്രെയിനിംഗ് സെന്ററുകളും 10 ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളും 65 സാമൂഹിക/കുടുംബാരോഗ്യകേന്ദ്രങ്ങളും ചേർന്ന ജില്ലയിലെ വിപുലമായ ആരോഗ്യശൃംഖലയുടെ സർവ്വതലസ്പർശിയായ വികസനത്തിനാണ് കഴിഞ്ഞ നാലുവർഷങ്ങൾ സാക്ഷ്യം വഹിച്ചത്. ഇക്കാലയളവിൽ ആകെ 1052 കോടിരൂപയാണ് അടിസ്ഥാന സൗകര്യവികസനത്തിനായും മികച്ച ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിനായും ജില്ലയിൽ ചെലവഴിച്ചത്.

ഈ റിപ്പോർട്ടിന്റെ ആദ്യഭാഗത്തിൽ ജില്ലയിലെ ഓരോ നിയമസഭ മണ്ഡലങ്ങളിലുമുള്ള ആരോഗ്യകേന്ദ്രങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നു. രണ്ടാം അധ്യായത്തിൽ 2021-2025 കാലയളവിൽ ജില്ലയിലെ ആരോഗ്യമേഖല കൈവരിച്ച നേട്ടങ്ങളുടെ രത്നച്ചുരുക്കം രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിലെ പ്രധാന റഫറൽ ആരോഗ്യകേന്ദ്രമായ ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ മൂന്നാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നു. നാലാം അധ്യായത്തിൽ ഓരോ നിയമസഭമണ്ഡലത്തിലെയും ആരോഗ്യമേഖലയിലെ നേട്ടങ്ങൾ സംക്ഷിപ്തപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ ജില്ലയ്ക്ക് ലഭിച്ച അംഗീകാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് അഞ്ചാം അധ്യായം. ഏറ്റവും ഒടുവിൽ ആറാമത്തെ അധ്യായത്തിൽ ആരോഗ്യമേഖലയിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന തനതു പരിപാടികളെക്കുറിച്ചും പുതുരീതികളെക്കുറിച്ചും പ്രതിപാദിച്ചുകൊണ്ട് റിപ്പോർട്ട് അവസാനിക്കുന്നു.



Centre for Disability Management & District Early Intervention Centre, Alappuzha

## 1.1 ജില്ലയിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ

| | മണ്ഡലം | പ്രധാന ആശുപത്രികൾ | പ്രാഥമിക/സാമൂഹിക/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ |
|---|---|---|---|
| 1 | അരൂർ | • താലൂക്ക് ആശുപത്രി, തുറവൂർ<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, അരൂക്കുറ്റി | • തൈക്കാട്ടുശ്ശേരി<br>• അരൂർ<br>• എഴുപുന്ന<br>• വല്ലത്തോട്<br>• കോടംതുരുത്ത്<br>• പള്ളിത്തോട്<br>• പെരുമ്പളം<br>• പാണാവള്ളി<br>• പള്ളിപ്പുറം<br>• തുറവൂർ തെക്ക് |
| 2 | ചേർത്തല | • താലൂക്ക് ആസ്ഥാന ആശുപത്രി, ചേർത്തല<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, മുഹമ്മ<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, തണ്ണീർമുക്കം | • വെട്ടയ്ക്കൽ<br>• വയലാർ<br>• കടക്കരപ്പള്ളി<br>• കഞ്ഞിക്കുഴി<br>• ചേർത്തല തെക്ക് |
| 3 | ആലപ്പുഴ | • റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, ചെട്ടികാട് | • മാരാരിക്കുളം വടക്ക്<br>• കലവൂർ<br>• ആര്യാട്<br>• മണ്ണഞ്ചേരി |
| 4 | അമ്പലപ്പുഴ | • ജനറൽ ആശുപത്രി, ആലപ്പുഴ<br>• സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ<br>• ജില്ല ടി ബി കേന്ദ്രം, ആലപ്പുഴ<br>• അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അമ്പലപ്പുഴ | • പുന്നപ്ര വടക്ക്<br>• പുന്നപ്ര തെക്ക്<br>• അമ്പലപ്പുഴ വടക്ക്<br>• പുറക്കാട്<br>• തോട്ടപ്പള്ളി |
| 5 | കുട്ടനാട് | • താലൂക്ക് ആസ്ഥാന ആശുപത്രി, പുളിങ്കുന്ന്<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, ചെമ്പുമ്പുറം<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, വെളിയനാട് | • ചമ്പക്കുളം<br>• എടത്വ<br>• മുട്ടാർ<br>• തകഴി<br>• കാവാലം<br>• വീയപുരം<br>• രാമങ്കരി<br>• കുപ്പപ്പുറം<br>• നീലമ്പേരൂർ<br>• തലവടി |

| 1.1 ജില്ലയിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ | | | |
|---|---|---|---|
| | മണ്ഡലം | പ്രധാന ആശുപത്രികൾ | പ്രാഥമിക/സാമൂഹിക/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ |
| 6 | ഹരിപ്പാട് | • താലൂക്ക് ആസ്ഥാന ആശുപത്രി, ഹരിപ്പാട്<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, മുതുകുളം<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, തൃക്കുന്നപ്പുഴ<br>• ടി ബി കേന്ദ്രം, കരുവാറ്റ | • കരുവാറ്റ<br>• പല്ലന<br>• ആറാട്ടുപുഴ<br>• ചിങ്ങോലി<br>• കുമാരപുരം<br>• ചേപ്പാട്<br>• ഹരിപ്പാട്<br>• പള്ളിപ്പാട്<br>• ചെറുതന<br>• കാർത്തികപ്പള്ളി |
| 7 | കായംകുളം | • താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം | • കണ്ടല്ലൂർ<br>• പത്തിയൂർ<br>• ഭരണിക്കാവ്<br>• കൃഷ്ണപുരം<br>• ദേവികുളങ്ങര<br>• ചെട്ടികുളങ്ങര |
| 8 | മാവേലിക്കര | • ജില്ല ആശുപത്രി, മാവേലിക്കര<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, ചുനക്കര<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, കുറത്തികാട്<br>• ലെപ്രസി സാനിറ്റോറിയം, നൂറനാട് | • വള്ളികുന്നം<br>• നൂറനാട്<br>• താമരക്കുളം<br>• തഴക്കര<br>• പാലമേൽ |
| 9 | ചെങ്ങന്നൂർ | • ജില്ല ആശുപത്രി, ചെങ്ങന്നൂർ<br>• ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, പാണ്ടനാട് | • മാന്നാർ<br>• ബുധനൂർ<br>• ചെറിയനാട്<br>• വെണ്മണി<br>• ഇരമല്ലിക്കര<br>• പുലിയൂർ<br>• മുളക്കുഴ<br>• കടമ്പൂർ<br>• ചെന്നിത്തല<br>• ആല |

## 1.2 ജില്ലയിലെ നഗര ആരോഗ്യ കേന്ദ്രങ്ങൾ

| | നഗരം | നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ (UPHCs) | നഗര ആരോഗ്യ-സൗഖ്യ കേന്ദ്രങ്ങൾ (UHWCs) |
|---|---|---|---|
| 1 | ചേർത്തല | • കരുവ | • ശാസ്താം കവല<br>• കുരിക്കിചിറ<br>• വേളോർവട്ടം |
| 2 | ആലപ്പുഴ | • മുല്ലാത്തുവളപ്പ്<br>• മംഗലം<br>• നെഹ്രുട്രോഫി<br>• തോണ്ടൻ കുളങ്ങര | • കിടങ്ങാമ്പറമ്പ്<br>• ഇരവുകാട്<br>• വലിയമരം<br>• പവർഹൗസ്<br>• വഴിച്ചേരി<br>• പൂന്തോപ്പ്<br>• പള്ളാത്തുരുത്തി<br>• ഗുരുമന്ദിരം |
| 3 | ഹരിപ്പാട് | | • തുലാപറമ്പ്<br>• മാന്ന്ര |
| 4 | കായംകുളം | • ചേരാവള്ളി | • കോയ്പ്പള്ളി കാരാഴ്മ<br>• കൃഷ്ണപുരം<br>• ഐക്യ ജംഗ്ഷൻ |
| 5 | മാവേലിക്കര | | • മാവേലിക്കര<br>• പുന്നമൂട് |
| 6 | ചെങ്ങന്നൂർ | | • ഇടനാട്<br>• മംഗലം |

നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ - പ്രത്യേകിച്ചും സാമ്പത്തികമായി പിന്നാക്കം നിൽ ക്കുന്നവരുടെയും ദുർബലവിഭാഗങ്ങളുടെയും - പ്രാഥമികമായ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ദേശീയ നഗര ആരോഗ്യ ദൗത്യത്തിനു (National Urban Health Mission) കീഴിൽ സ്ഥാപിക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളാണ് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (Urban Primary Health Centers - UPHCs) . ജില്ലയിലെ 6 നഗരസഭകളിലായി 6 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവയ്ക്കു കീഴിൽ 20 നഗര ആരോഗ്യ സൗഖ്യ കേന്ദ്രങ്ങളും (Urban Health and Wellness Centers - UHWCs പ്രവർത്തിച്ചുവരുന്നു. ആശുപത്രിതലത്തിലുള്ള സേവനങ്ങൾ കൂടാതെ, വിവിധ വാതിൽപ്പടി സേവനങ്ങളും ഈ ആരോഗ്യകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്.

# 2
# വികസന നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

## 2.1 വികസന പ്രവർത്തനങ്ങൾക്കായുള്ള ധനവിനിയോഗം

ആലപ്പുഴ ജില്ലയിലെ 9 നിയമസഭ മണ്ഡലങ്ങളിൽ 2021 മുതൽ 2025 വരെ ആരോഗ്യരംഗത്ത് നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ സംക്ഷിപ്തം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു. അമ്പലപ്പുഴ നിയമസഭ മണ്ഡലത്തിൽ പെടുന്നതാണെങ്കിലും ഗവ. ടി.ഡി. മെഡിക്കൽ കോളേജിലെ വികസനപ്രവർത്തനനങ്ങളെ സംബന്ധിച്ച കണക്കുകൾ പ്രത്യേകം ചേർത്തിരിക്കുന്നു.

**2.1 ധനവിനിയോഗത്തിന്റെ സംക്ഷിപ്തം**

| | നിയമസഭ മണ്ഡലം | ചെലവാക്കിയ തുക (ലക്ഷം രൂപയിൽ) | | ആകെ തുക (ലക്ഷം രൂപയിൽ) |
|---|---|---|---|---|
| | | നിർമ്മിതി | വാങ്ങൽ | |
| 1 | അരൂർ | 6192.86 | 155.73 | 6348.59 |
| 2 | ചേർത്തല | 9065.22 | 121.89 | 9187.11 |
| 3 | ആലപ്പുഴ | 12298.50 | 10.30 | 12308.80 |
| 4 | അമ്പലപ്പുഴ | 13608.00 | 41.77 | 13649.77 |
| 5 | കുട്ടനാട് | 959.84 | 20.39 | 980.23 |
| 6 | ഹരിപ്പാട് | 481.80 | 71.01 | 552.81 |
| 7 | കായംകുളം | 6997.00 | 60.6 | 7057.6 |
| 8 | മാവേലിക്കര | 13307.01 | 395.09 | 13702.1 |
| 9 | ചെങ്ങന്നൂർ | 11893.36 | 108.24 | 12001.6 |
| 10 | ഗവ. ടി.ഡി. മെഡിക്കൽ കോളേജ് ആലപ്പുഴ | 27896.00 | 1454.00 | 29350.00 |
| | ആകെ | **102699.6** | **2403.02** | **105138.60** |

## 2.2 മനുഷ്യവിഭവശേഷി വർദ്ധന

അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ജില്ലയിലെ ആരോഗ്യമേഖലയിലെ മനുഷ്യവിഭവശേഷിയിലും കാര്യമായ വർദ്ധനവുണ്ടായത് എടുത്തുപറയേണ്ട നേട്ടമാണ്. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 47 സ്ഥിരം തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ 6 തസ്തികളും ഇക്കാലയളവിൽ സൃഷ്ടിക്കപ്പെട്ടു.

**2.2 പുതിയതായി സൃഷ്ടിച്ച തസ്തികകൾ - ആരോഗ്യവകുപ്പ്**

| | തസ്തിക | എണ്ണം | വർഷം |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 2 | 2025 |
| 2 | നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 | 6 | 2025 |
| 3 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 8 | 2025 |
| 4 | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 16 | 2025 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 2 | 2024 |
| 6 | സ്റ്റാഫ് നഴ്സ് | 6 | 2021 |
| 7 | ഫാർമസിസ്റ്റ് | 3 | 2021 |
| 8 | ലോവർ ഡിവിഷൻ ക്ലാർക്ക് | 4 | 2021 |
| | ആകെ | 47 | |

**2.3 പുതിയതായി സൃഷ്ടിച്ച തസ്തികകൾ - മെഡിക്കൽവിദ്യാഭ്യാസ വകുപ്പ്**

| | തസ്തിക | എണ്ണം | വർഷം |
|---|---|---|---|
| 1 | അസോസിയേറ്റ് പ്രൊഫസ്സർ | 1 | 2023 |
| 2 | അസിസ്റ്റന്റ് പ്രൊഫസ്സർ | 1 | 2023 |
| 3 | ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) | 4 | 2022 |
| | ആകെ | 6 | |

# 3. വികസന പന്ഥാവിൽ
# ഗവ. ടി.ഡി. മെഡിക്കൽ കോളെജ് ആലപ്പുഴ



ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ 173.18 കോടിരൂപ ചെലവിൽ നിർമ്മിച്ച സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക്

ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റഫറൽ ആരോഗ്യസംവിധാനമായ ഗവ. ടി. ഡി. മെഡിക്കൽ കോളേജ് ആശുപത്രി കഴിഞ്ഞ നാലുവർഷത്തിനിടെ സമാനതകളില്ലാത്ത അടിസ്ഥാന സൗകര്യ വികസനത്തിനാണ് സാക്ഷ്യം വഹിച്ചത്. വിവിധ നിർമ്മിതികൾക്കായി 278.96 കോടി രൂപയും ചികിത്സ ഉപകരണങ്ങൾക്കായി 14.54 കോടി രൂപയുമാണ് നീക്കിവെക്കപ്പെട്ടത്. ഇതിൽ ഏറ്റവും പ്രധാനം 2023 ജനുവരിയിൽ ഉദ്ഘാടനം ചെയ്ത സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കാണ്. ന്യൂറോളജി, ന്യൂറോ സർജറി, നെഫ്രോളജി, ജനിറ്റോ യൂറിനറി സർജറി, കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, എൻഡോക്രൈനോളജി, ഗാസ്ട്രോ എന്ററോളജി എന്നീ 9 സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 173.18 കോടി രൂപ ചെലവിൽ പണികഴിപ്പിച്ച 6 നിലകളിലായുള്ള സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിൽ 200 കിടക്കകളും 50 ഇന്റെൻസീവ് കെയർ യൂണിറ്റ് (ഐ.സി.യു) കിടക്കകളും 8 ഓപ്പറേഷൻ തീയറ്ററുകളും സജ്ജമാക്കിയിട്ടുണ്ട്. ഇതിൽ 120 കോടി രൂപ പി.എം.ജി.എസ്.വൈ. പദ്ധതി വിഹിതവും 53.18 കോടിരൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഇതുകൂടാതെ നബാർഡിന്റെ ധനസഹായത്തോടെ 30 കോടിരൂപ ചെലവിൽ മാതൃ-ശിശു ബ്ലോക്ക് പൂർത്തിയാക്കുകയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 15 കോടിയോളം രൂപ ചെലവിൽ വിവിധ വകുപ്പുകൾക്കായി അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓക്സിജൻ സൗകര്യമുള്ള കിടക്കകളുടെ എണ്ണം 923 ആയി ഉയരുകയും അത്യാധുനിക ചികിത്സ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തതോടെ സാധാരണക്കാരായ ഒട്ടേറെപ്പേരാണ് ഇന്ന് ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. പ്രാരംഭകാലത്ത് പ്രതിദിന ഒ.പി. ശരാശരി 1200 ആയിരുന്നത് 3100ൽ അധികമായി എന്നത് ഇക്കാര്യം അടിവരയിടുന്നു. സാമൂഹ്യ സുരക്ഷാമിഷന്റെ അനുയാത്ര പദ്ധതിയുടെ കീഴിൽ ജനന-വികാസ വൈകല്യങ്ങൾ, കാഴ്ച-ശ്രവണ വൈകല്യങ്ങൾ, പഠന-സംസാര-ഭാഷ-വൈകല്യങ്ങൾ തുടങ്ങിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയ ചികിത്സയും പരിചരണവും ലഭ്യമാക്കുന്ന റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററിന്റെ സേവനവും എടുത്തുപറയേണ്ട ഒരു നേട്ടമാണ്. നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതിയിൽ പെടുത്തി 27 ലക്ഷം രൂപ ചെലവഴിച്ചാണ് ഇത് നവീകരിച്ചത്.

നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതിയിൽ നിന്നുള്ള ഒരു കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതമായ 50 ലക്ഷം രൂപയും ചേർത്ത് നിർമ്മിച്ച വിശ്രമകേന്ദ്രവും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 2 കോടി രൂപ ചെലവിൽ നിർമ്മിച്ച കാന്റീൻ & ഗസ്റ്റ് റൂമും ലോക്സഭാംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതി പ്രകാരം 21 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച പാർക്കിംഗ് ഗ്രൗണ്ടും അടിസ്ഥാന സൗകര്യരംഗത്തെ നേട്ടങ്ങളാണ്. മേൽ വിവരിച്ചതടക്കം കഴിഞ്ഞ 4 വർഷക്കാലയളവിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികയായി നൽകിയിരിക്കുന്നു.



| 3.1 നിർമ്മിതികൾ | | | | |
|---|---|---|---|---|
| | പ്രോജക്ടിന്റെ പേര് | തുക (ലക്ഷം രൂപ) | സ്രോതസ്സ് | അവസ്ഥ |
| 1 | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (പി.എം.എസ്.എസ്.വൈ പദ്ധതി) | 17318 | കേന്ദ്ര വിഹിതം – 12000 സംസ്ഥാന വിഹിതം – 5318 | 21.01.2023 ൽ ഉദ്ഘാടനം ചെയ്തു |
| 2 | മാതൃ-ശിശു ബ്ലോക്ക് | 3000 | നബാർഡ് | 27.09.2024 ൽ ഉദ്ഘാടനം ചെയ്തു |
| 3 | ട്രോമകെയർ ബ്ലോക്ക് | 3138 | സംസ്ഥാന പദ്ധതി വിഹിതം | നിർമ്മാണം പുരോഗമിക്കുന്നു |
| 4 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് | 2072 | | നിർമ്മാണം പുരോഗമിക്കുന്നു |
| 5 | ഡ്രഗ് സ്റ്റോർ | 650 | | നിർമ്മാണം ആരംഭിച്ചു |
| 6 | സമഗ്ര സ്ട്രോക്ക് ചികിത്സ കേന്ദ്രം | 500 | | നിർമ്മാണം ആരംഭിച്ചു |
| 7 | പേ വാർഡ് | 486 | | നിർമ്മാണം ആരംഭിച്ചു |
| 8 | ഓങ്കോളജി ബ്ലോക്ക് | 320 | | നിർമ്മാണം ആരംഭിച്ചു |
| 9 | ക്യാന്റീൻ & ഗസ്റ്റ് റൂം | 200 | | ഉദ്ഘാടനം ചെയ്തു |
| 10 | പാരാമെഡിക്കൽ ലക്ചർ ഹാൾ | 30 | | ഉദ്ഘാടനം ചെയ്തു |
| 11 | വിശ്രമകേന്ദ്രം | 150 | MLALADS + സംസ്ഥാന പദ്ധതി വിഹിതം | ഉദ്ഘാടനം ചെയ്തു |
| 12 | ഓട്ടിസം സെന്ററിന് സൗകര്യമൊരുക്കൽ | 32 | MLALADS | ഉദ്ഘാടനം ചെയ്തു |
| | ആകെ | 27896 | | |



നബാർഡ് ഫണ്ടിൽ നിന്നും 30 കോടി രൂപ വിനിയോഗിച്ച് പുതിയതായി നിർമ്മിച്ച ബ്ലോക്ക്



സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും 2 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഗസ്റ്റ് റൂം & ക്യാന്റീൻ മന്ദിരം




എം.എൽ.എ. ഫണ്ടിൽ നിന്നും 1 കോടി രൂപയും സംസ്ഥാന പദ്ധതിവിഹിതം 50 ലക്ഷം രൂപയും ചേർത്ത് പൂർത്തീകരിച്ച വിശ്രമകേന്ദ്രം



എം.എൽ.എ. ഫണ്ടിൽ നിന്നും 37 ലക്ഷം രൂപ ചെലവിൽ ഒരുക്കിയ അനുയാത്ര ഓട്ടിസം സെന്റർ

| 3.1 ഉപകരണങ്ങൾ / വാഹനങ്ങൾ വാങ്ങൽ | | | |
|---|---|---|---|
| | ഉപകരണം | സ്രോതസ്സ് | തുക (ലക്ഷം രൂപ) |
| 1 | Wats Camera System | സംസ്ഥാന പദ്ധതി വിഹിതം | 103 |
| 2 | Extracorporeal shock wave lithotripsy (ESWL) Machine | | 118 |
| 3 | Posterior Segment Vitrectomy System | | 65 |
| 4 | Digital Mammogram | | 290 |
| 5 | Heart Lung Machine | | 123 |
| 6 | Multipara Monitor (Cardiology) | | 187 |
| 7 | Multipara Monitor (CVTS) | | 155 |
| 8 | Neuro Navigation System | | 130 |
| 9 | Atherectomy System (Cardiology) | | 40 |
| 10 | Microdebrider (ENT) | | 20 |
| 11 | Binocular Colposcope with | | 23 |
| 12 | Yag Laser (Ophthalmology) | | 35 |
| 13 | Aneasthesia Work Station | | 33 |
| 14 | Robotic Transcranial Doppler (Neurology) | | 22 |
| 15 | Potable EMG Machine (Neurology) | | 15 |
| 16 | High Speed Electric Drill with Accessories (Neuro Surgery) | | 41 |
| 17 | C-Arm Machine (Orthopaedics) | | 40 |
| 18 | College Bus | MPLADS | 14 |
| | | ആകെ | 1454 |




ESWL Machine



Heart-Lung Machine



Anesthesia Work Station




Cath Lab




**ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ പുതിയതായി സ്ഥാപിച്ച ഉപകരണങ്ങൾ**


## ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ പുതിയതായി സ്ഥാപിച്ച ഉപകരണങ്ങൾ










## 4
## നിയമസഭ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങളിലൂടെ

# 4.1 അരൂർ



പെരുമ്പളം പാലം

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്ത്, എറണാകുളം ജില്ലയുമായി അതിർത്തി പങ്കിടുന്ന നിയമസഭ മണ്ഡലമായ അരൂർ, കൊച്ചി നഗരത്തിന്റെ പ്രാന്ത പ്രദേശമെന്നനിലയിൽ സാധ്യതകളും അതോടൊപ്പം വെല്ലുവിളികളും നേരിടുന്ന മേഖലയാണ്. മണ്ഡലത്തെ രണ്ടാക്കി മുറിച്ച് കിടക്കുന്ന വേമ്പനാട്ടു കായലും അതിനെ ബന്ധപ്പെട്ടു കിടക്കുന്ന ചെറുതും വലുതുമായ അനേകം തോടുകളും കൈത്തോടുകളും അവയെ ആശ്രയിച്ച് നിലകൊള്ളുന്ന നിരവധിയായ മത്സ്യ സംസ്ക്കരണ ശാലകളും ഉൾപ്പെടുന്ന പ്രദേശം ആരോഗ്യരംഗത്ത് സവിശേഷ ശ്രദ്ധ അർഹിക്കുന്നു. വേമ്പനാട്ടു കായലിന്റെ ഇരു കരകളിലുമായി അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തുറവൂർ, അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, ചേന്നം പള്ളിപ്പുറം എന്നീ 10 പഞ്ചായത്തുകൾ ചേർന്ന മണ്ഡലത്തിന്റെ പടിഞ്ഞാറെ കരയിലുള്ള തുറവൂർ താലൂക്ക് ആശുപത്രിയും കിഴക്കേ കരയിൽ സ്ഥിതി ചെയ്യുന്ന അരൂക്കുറ്റി ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവുമാണ് മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ.

ദേശീയപാത-66 നോടുചേർന്ന് സ്ഥിതി ചെയ്യുന്ന തുറവൂർ താലൂക്ക് ആശുപത്രിയിൽ 51 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന 6 നില ട്രോമകെയർ യൂണിറ്റ് പൂർത്തിയാകുന്നതോടെ, അപകടങ്ങളിൽ പെടുന്നവർക്ക് വളരെ വേഗം ചികിത്സ ലഭ്യമാക്കുന്ന സ്ഥിതിവിശേഷം സംജാതമാകും. 2.85 കോടി രൂപ ചെലവഴിച്ച് ലേബർ റൂം, മോഡുലാർ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പടെ മെറ്റേണൽ & ചൈൽഡ് ഹെൽത്ത് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തതോടെ ജില്ലയിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രികളിലൊന്നായി തുറവൂർ താലൂക്ക് ആശുപത്രി മാറിയിട്ടുണ്ട്. ആരോഗ്യരംഗത്ത് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികപ്പെടുത്തിയിരിക്കുന്നു.

## 4.1.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം | |
| 1 | തുറവൂർ താലൂക്ക് ആശുപത്രി | ട്രോമ കെയർ യൂണിറ്റ് | 5140 | KIIFB | 90% പൂർത്തീകരിച്ചു |
| 2 | തുറവൂർ താലൂക്ക് ആശുപത്രി | ബെഡ് ലിഫ്റ്റ് | 33 | MLALADS | പൂർത്തീകരിച്ചു |
| 3 | തുറവൂർ താലൂക്ക് ആശുപത്രി | ഡയാലിസിസ് ബ്ലോക്ക് | 160 | MLALADS | പൂർത്തീകരിച്ചു |
| 4 | തുറവൂർ താലൂക്ക് ആശുപത്രി | കോൺഫറൻസ് ഹാൾ | 50 | MLALADS | ഭരണാനുമതി ലഭിച്ചു |
| 5 | തുറവൂർ താലൂക്ക് ആശുപത്രി | മാതൃ-ശിശു ആരോഗ്യ ബ്ലോക്ക് | 285 | NHM | പൂർത്തീകരിച്ചു |
| 6 | സി.എച്ച്.സി അരൂക്കുറ്റി | ഐസൊലേഷൻ വാർഡ് | 175 | MLALADS | പുരോഗമിക്കുന്നു |
| 7 | എഫ്.എച്ച്.സി. പള്ളിപ്പുറം | പുതിയ കെട്ടിടം | 90 | MLALADS | പൂർത്തീകരിച്ചു |
| 8 | പി.എച്ച്.സി. തുറവൂർ തെക്ക് | പുതിയ കെട്ടിടം | 54 | MLALADS | പൂർത്തീകരിച്ചു |
| | | ആകെ | 5987 | | |



പി.എച്ച്.സി.
തുറവൂർ തെക്ക്
പുതിയ കെട്ടിടം



## 4.1.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | തുറവൂർ താലൂക്ക് ആശുപത്രി | ആംബുലൻസ് | 29.72 | MLALADS |
| 2 | തുറവൂർ താലൂക്ക് ആശുപത്രി | ആംബുലൻസ് | 10.00 | MPLADS |
| 3 | തുറവൂർ താലൂക്ക് ആശുപത്രി | ഡയാലിസിസ് മെഷീൻ | 48.00 | KIIFB |
| 4 | തുറവൂർ താലൂക്ക് ആശുപത്രി | ഡയാലിസിസ് മെഷീൻ | 31.20 | Charity |
| 5 | സി.എച്ച്.സി അരൂക്കുറ്റി | അത്യാധുനിക ലബോറട്ടറി ഉപകരണങ്ങൾ | 14.27 | Health Grant – Block Panchayath |
| 6 | സി.എച്ച്.സി അരൂക്കുറ്റി | അത്യാധുനിക ചികിത്സ ഉപകരണങ്ങൾ | 16.11 | Plan Fund – Block Panchayath |
| 7 | സി.എച്ച്.സി അരൂക്കുറ്റി | അത്യാധുനിക ലബോറട്ടറി ഉപകരണങ്ങൾ | 4.38 | Health Grant– Gram Panchayath |
| 8 | സി.എച്ച്.സി അരൂക്കുറ്റി | ഫർണ്ണീച്ചറുകൾ | 2.05 | Health Grant– Gram Panchayath |
| | | ആകെ | 155.73 | |

## 4.1.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs) *NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | ബി.എഫ്.എച്ച്.സി. എഴുപുന്ന | പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 45.00 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. പാണാവള്ളി | | 28.00 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. കോടംതുരുത്ത് | | 22.50 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. വല്ലേത്തോട് | | 22.50 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. പെരുമ്പളം | | 22.50 | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. അരൂർ | | 19.00 | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. പള്ളിപ്പുറം | | 13.36 | പൂർത്തീകരിച്ചു |
| 8 | എഫ്.എച്ച്.സി. പള്ളിത്തോട് | | 12.00 | പൂർത്തീകരിച്ചു |
| | | ആകെ | 184.86 | |




പാണാവള്ളി കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം

## 4.1.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs) *NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. പാണാവള്ളി മുഖ്യകേന്ദ്രം | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പൂർത്തീകരിച്ചു |
| 2 | എച്ച്.ഡബ്ല്യു.സി. കോടംതുരുത്ത് മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| 2 | എച്ച്.ഡബ്ല്യു.സി. വല്ലേത്തോട് മുഖ്യകേന്ദ്രം | | 7 | പുരോഗമിക്കുന്നു |
| | | ആകെ | 21 | |



**വൃക്കരോഗികൾക്ക് ആശ്വാസമായി തുറവൂർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

- മൂന്ന് ഷിഫ്റ്റുകളിലായി ഒരു ദിവസം 45 പേർക്ക് ഡയാലിസിസ് സൗകര്യം
- 15 ഡയാലിസിസ് യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും



തുറവൂർ താലൂക്ക് ആശുപത്രിയിൽ ബഹുനില ട്രോമാകെയർ യൂണിറ്റ് ഒരുങ്ങുന്നു. ആറ് നിലകളിലായി മൂന്ന് ഓപ്പറേഷൻ തിയറ്ററുകൾ, സി.ടി.സ്കാൻ, എക്സറെ വിഭാഗം, ഗൈനക്കോളജി വിഭാഗം അടക്കം സജ്ജീകരിക്കുന്ന പുതിയ മന്ദിരത്തിൽ മൂന്നു നിലകളിലായി 150 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാകും

## പിഞ്ചോമനകൾ 800 കടന്നു

# അഭിമാനമായി തുറവൂർ താലൂക്ക് ആശുപത്രി

കൂട്ടായ പ്രവർത്തനത്തിലൂടെ പരിമിതികളെ മറികടന്ന് എങ്ങനെ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകാം എന്നതിന് മാതൃകയാകുകയാണ് തുറവൂർ താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം. 2017ൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 2.85 കോടി രൂപ ചെലവിട്ട് നിർമ്മാണം ആരംഭിച്ച് 2022 ഫെബ്രുവരി 1ന് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ച ഗൈനക്കോളജി വിഭാഗത്തിൽ അതേവർഷം മാർച്ച് 19ന് ആദ്യത്തെ കൺമണി പിറന്നു. സ്വകാര്യ ആശുപത്രികളെ വെല്ലുന്ന ലേബർ റൂമും അനുബന്ധ സൗകര്യങ്ങളും സൗമ്യമായി പെരുമാറുന്ന പരിശീലനം ലഭിച്ച ജീവനക്കാരും അടിയന്തര ഘട്ടങ്ങളിൽ റഫറൽ ആവശ്യമായി വന്നാൽ ഉപയോഗത്തിനുള്ള 24 മണിക്കൂർ ആംബുലൻസ് സൗകര്യവുമെല്ലാം പൊതുജനങ്ങളിൽ ആശുപത്രിയോടുള്ള വിശ്വാസം എത്രമാത്രം വർദ്ധിപ്പിച്ചു എന്നതിനു തെളിവാണ് വെറും 2 വർഷം കൊണ്ട് 500 പിഞ്ചോമനകൾക്ക് ജന്മം കൊടുക്കുന്ന വിധം വളരാൻ ആശുപത്രിക്കു കഴിഞ്ഞു എന്നത്. കേവലം ഒരു കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റും ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷനുമാണ് ആശുപത്രിയിൽ സ്ഥിരമായിട്ടുള്ളത്. മറ്റ് ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം സമീപ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ ഏർപ്പാടാക്കിയാണ് ഈ നേട്ടം കൈവരിച്ചത് എന്നത് തിളക്കം കൂട്ടുന്നു. ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കഴിഞ്ഞാൽ ജില്ലയിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രി എന്ന ഖ്യാതി ഇന്ന് തുറവൂർ താലൂക്ക് ആശുപത്രിയ്ക്ക് സ്വന്തമെങ്കിൽ അവിടെ ജോലിചെയ്യുന്ന അതിനുപിന്നിൽ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും ഒത്തൊരുമയോടെയുള്ള പരിശ്രമമാണെന്ന് നിസ്സംശയം പറയാൻ സാധിക്കും.

**തുറവൂർ താലൂക്ക് ആശുപത്രിയിൽ പിറന്ന പൊന്നോമനകൾ**

| വർഷം | എണ്ണം |
|---|---:|
| 2022 | 146 |
| 2023 | 238 |
| 2024 | 350 |
| 2025 (മെയ് വരെ) | 127 |





തുറവൂർ താലൂക്ക് ആശുപത്രിയിൽ 2.85 കോടി രൂപ ചെലവഴിച്ച് ലേബർ റൂം & മോഡുലാർ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പടെ പൂർത്തീകരിച്ച മാതൃ-ശിശു ബ്ലോക്ക്

# 4.2 ചേർത്തല


തണ്ണീർമുക്കം ബണ്ട്

കിഴക്ക് വേമ്പനാട്ടുകായലുമായും പടിഞ്ഞാറ് അറബിക്കടലുമായും അതിർത്തി പങ്കിടുന്ന നിയോജക മണ്ഡലമാണ് ചേർത്തല. ചേർത്തല നഗരസഭയിലും പട്ടണക്കാട്, കടക്കരപ്പള്ളി, കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മുഹമ്മ പഞ്ചായത്തുകളിലുമായി വ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രം ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയാണ്.

ചേർത്തല നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആസ്ഥാന ആശുപത്രിയുടെ മുഖഛായ മാറ്റുന്ന പ്രവർത്തനങ്ങളിൽ പ്രധാനം 85 കോടി രൂപ ചെലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 6 നിലകളിലായി 1,30,803 ചതുരശ്ര അടി വിസ്തൃതിയിൽ ഉയരുന്ന പുതിയ മന്ദിരമാണ്. നാല് ഓപ്പറേഷൻ തിയറ്ററുകൾ, ഒരു മൈനർ ഓപ്പറേഷൻ തിയറ്റർ എന്നീ സൗകര്യങ്ങളോടെ പണികഴിപ്പിക്കുന്ന മന്ദിരം പൂർത്തിയാകുമ്പോൾ 206 പേരെ കിടത്തിചികിത്സിക്കുന്നതിന് സൗകര്യമുണ്ടാകും.

ഡയാലിസിസ് യൂണിറ്റ്, ഡിജിറ്റൽ എക്സറെ മെഷീൻ, അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ അടക്കം അത്യാധുനിക ചികിത്സാസൗകര്യങ്ങൾ ഇതിനോടകം തന്നെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ചേർത്തല താലൂക്ക് ആശുപത്രി, പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതോടെ ജില്ലയിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങളിലൊന്നായി മാറും എന്നകാര്യത്തിൽ സംശയമില്ല. ആർദ്രം പദ്ധതിയിൽ 45 ലക്ഷം രൂപ ചെലവഴിച്ച് ഉയർത്തപ്പെട്ട തണ്ണീർമുക്കം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം മണ്ഡലത്തിന്റെ കിഴക്കൻ മേഖലയിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമാകും. വയലാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണം പൂർത്തിയായി വരുന്ന ഐസൊലേഷൻ വാർഡും മണ്ഡലത്തിലെ പ്രധാന നിർമ്മിതികളിലൊന്നാണ്. ആരോഗ്യരംഗത്ത് ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികപ്പെടുത്തിയിരിക്കുന്നു.

## 4.2.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം | |
| 1 | ചേർത്തല താലൂക്ക് ആശുപത്രി | പുതിയ കെട്ടിടം | 8498 | KIIFB | പുരോഗമിക്കുന്നു |
| 2 | ചേർത്തല താലൂക്ക് ആശുപത്രി | ഡയാലിസിസ് ബ്ലോക്ക് | 64 | MPLADS | പൂർത്തീകരിച്ചു |
| 3 | ചേർത്തല താലൂക്ക് ആശുപത്രി | ICU യൂണിറ്റ് | 38 | NHM | പൂർത്തീകരിച്ചു |
| 4 | ചേർത്തല താലൂക്ക് ആശുപത്രി | എക്സറെ കെട്ടിടം | 18 | LSGD | പൂർത്തീകരിച്ചു |
| 5 | ചേർത്തല താലൂക്ക് ആശുപത്രി | ഓപ്പറേഷൻ തിയറ്റർ നവീകരണം | 10 | LSGD | പൂർത്തീകരിച്ചു |
| 6 | ബി.എഫ്.എച്ച്.സി. മുഹമ്മ | വനിത വാർഡ് | 39 | LSGD | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. വയലാർ | ഐസൊലേഷൻ വാർഡ് | 175 | MLALADS | പുരോഗമിക്കുന്നു |
| | | ആകെ | 8842 | | |




## 4.2.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | ചേർത്തല താലൂക്ക് ആശുപത്രി | ICU ആംബുലൻസ് | 25.00 | MLALADS |
| 2 | ചേർത്തല താലൂക്ക് ആശുപത്രി | ആംബുലൻസ് | 15.39 | MPLADS |
| 3 | ചേർത്തല താലൂക്ക് ആശുപത്രി | ഡയാലിസിസ് മെഷീൻ | 48.00 | MPLADS |
| 4 | ചേർത്തല താലൂക്ക് ആശുപത്രി | ഡിജിറ്റൽ എക്സറെ മെഷീൻ | 17.10 | MPLADS |
| 5 | ചേർത്തല താലൂക്ക് ആശുപത്രി | അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ | 16.40 | MPLADS |
| | | ആകെ | 121.89 | |

## 4.2.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | ബി.എഫ്.എച്ച്.സി. തണ്ണീർമുക്കം | പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 45.00 | പൂർത്തീകരിച്ചു |
| 2 | ബി.എഫ്.എച്ച്.സി. മുഹമ്മ | | 37.50 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. കഞ്ഞിക്കുഴി | | 25.36 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. വെട്ടയ്ക്കൽ | | 22.86 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. ചേർത്തല തെക്ക് | | 21.00 | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. കടക്കരപ്പള്ളി | | 21.00 | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. വയലാർ | | 15.50 | പൂർത്തീകരിച്ചു |
| | | ആകെ | 188.22 | |



ചേർത്തല താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കിയ തീവ്രപരിചരണ വിഭാഗം



ചേർത്തല താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച ഡിജിറ്റൽ എക്സറെ യൂണിറ്റ്

## 4.2.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. ഒളതല | ഉപകേന്ദ്രത്തെ ആരോഗ്യ -സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | ഉദ്ഘാടനം ചെയ്തു |
| 2 | എച്ച്.ഡബ്ല്യു.സി. വെട്ടക്കൽ | | 7 | ഉദ്ഘാടനം ചെയ്തു |
| 3 | എച്ച്.ഡബ്ല്യു.സി. ചെറുവാരണം | | 7 | ഉദ്ഘാടനം ചെയ്തു |
| 4 | എച്ച്.ഡബ്ല്യു.സി. ചേർത്തല തെക്ക് | | 7 | പുരോഗമിക്കുന്നു |
| 5 | എച്ച്.ഡബ്ല്യു.സി. ചേർത്തല തെക്ക് മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| | | ആകെ | 35 | |




ചേർത്തല താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 84.98 കോടി രൂപ വിനിയോഗിച്ച് നിർമ്മാണം പുരോഗമിക്കുന്ന കെട്ടിടം



ചേർത്തല താലൂക്ക് ആശുപത്രിയിൽ 1.12 കോടി ചെലവിൽ സ്ഥാപിച്ച ഡയാലിസിസ് യൂണിറ്റ്



ആലപ്പുഴ ജില്ല പഞ്ചായത്ത് വാർഷിക പദ്ധതിയിൽ പെടുത്തി 39 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച മുഹമ്മ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ വനിത വാർഡ്




45 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച തണ്ണീർമുക്കം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം

# 3.3 ആലപ്പുഴ


ആലപ്പുഴയിലെ കനാലുകൾ

കിഴക്കിന്റെ വെനീസ് എന്നു പ്രസിദ്ധമായ ആലപ്പുഴ നഗരത്തിന്റെ വടക്കു ഭാഗവും നഗരത്തിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തെ തീരദേശ പ്രദേശങ്ങളും വടക്കുകിഴക്കുഭാഗത്തെ കായലോര പ്രദേശങ്ങളും ചേർന്ന ആലപ്പുഴ നിയമസഭാമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും അടങ്ങുന്ന സാധാരണക്കാരുടെ ആരോഗ്യ സംരക്ഷണം അത്യന്തം പ്രാധാന്യമർഹിക്കുന്നു. ആലപ്പുഴ നഗരസഭയിലെ ആകെയുള്ള 52 വാർഡുകളിൽ 25 വാർഡുകളും മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, ആര്യാട്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തുകളും ചേർന്ന ആലപ്പുഴ നിയമസഭ മണ്ഡലത്തിന്റെ ഭൂവിസ്തൃതി മറ്റുമണ്ഡലങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവായതിനാൽ ജില്ലയിൽ ഏറ്റവും കുറവ് ആരോഗ്യ കേന്ദ്രങ്ങളുള്ള മണ്ഡലമാണ്.

മണ്ഡലത്തിലെ പ്രധാന ആരോഗ്യ കേന്ദ്രം, തീരദേശപ്രദേശമായ ചെട്ടികാട്ടെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററാണ്. ഗവ. ടി.ഡി. മെഡിക്കൽ കോളേജിന്റെ ഭരണാധീനതയിൽ പ്രവർത്തിക്കുന്ന പ്രസ്തുത ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിന്റെ ഭാഗമായി 118 കോടി രൂപയുടെ പുതിയ ബഹുനില മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായിവരികയാണ്. ജില്ലയിൽ ആദ്യഘട്ടത്തിൽ തന്നെ കുടുംബാരോഗ്യ കേന്ദ്രമായി മാറിയ കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ്, പുതിയ കിടത്തിചികിത്സ കെട്ടിടം, ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് അടക്കം നിരവധിയായ വികസനപ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ പ്രധാന വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

| | 4.3.1 നിർമ്മിതികൾ | | | | |
|---|---|---|---|---|---|
| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
| | | | തുക | ഉറവിടം | |
| 1 | ചെട്ടികാട് താലൂക്ക് ആശുപത്രി | പുതിയ കെട്ടിടം | 11800 | KIIFB | പുരോഗമിക്കുന്നു |
| 2 | എഫ്.എച്ച്.സി. ആര്യാട് | പുതിയ കെട്ടിടം | 113 | Budget | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. കലവൂർ | ഐസൊലേഷൻ വാർഡ് | 175 | KIIFB + MLALADS | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. കലവൂർ | പുതിയ കെട്ടിടം | 50 | KIIFB | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. കലവൂർ | ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് | 21 | | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. കലവൂർ | ഓഫീസ് കെട്ടിടം നവീകരണം | 10 | LSGD | പൂർത്തീകരിച്ചു |
| | | ആകെ | 12169 | | |

| | 4.3.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ | | | |
|---|---|---|---|---|
| | സ്ഥാപനം | ഇനം | ഫണ്ട് | |
| | | | തുക | ഉറവിടം |
| 1 | എഫ്.എച്ച്.സി. കലവൂർ | ആംബുലൻസ് | 10.3 | MPLADS |
| | | ആകെ | 10.3 | |




50 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ച മാരാരിക്കുളം
കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം

## 4.3.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി. മാരാരിക്കുളം വടക്ക് | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 50.00 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. കലവൂർ | | 27.50 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. മണ്ണഞ്ചേരി | | 15.50 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. ആര്യാട് | | 15.50 | പുരോഗമിക്കുന്നു |
| | | ആകെ | 108.50 | |




## 4.3.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. പൊന്നാട് | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | ഉദ്ഘാടനം ചെയ്തു |
| 2 | എച്ച്.ഡബ്ല്യു.സി. തുമ്പോളി | | 7 | പുരോഗമിക്കുന്നു |
| 3 | എച്ച്.ഡബ്ല്യു.സി. ചെത്തി | | 7 | പൂർത്തീകരിച്ചു |
| | | ആകെ | 21 | |



ചെട്ടികാട് താലൂക്ക് ആശുപത്രിയ്ക്കായി 118 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം



ചെട്ടികാട് താലൂക്ക് ആശുപത്രിയ്ക്കായി 118 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം



കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ 175 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ഐസൊലേഷൻ വാർഡ്



ആര്യാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 113 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം

# 3.4 അമ്പലപ്പുഴ



നാലുചിറ പാലം

മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അറബിക്കടലുമായി അതിർത്തി പങ്കിടുന്നുണ്ട് എന്നതിനാൽ ആലപ്പുഴ നഗരത്തിന്റെ തെക്കേ പകുതി ഉൾപ്പടെ തോട്ടപ്പള്ളി സ്പിൽവേയുടെ വടക്കേക്കര വരെ വ്യാപിച്ചു കിടക്കുന്ന അമ്പലപ്പുഴ പൂർണ്ണമായും ഒരു തീരദേശ നിയോജക മണ്ഡലമാണ്. ആലപ്പുഴ നഗരസഭാപരിധിയിൽ വരുന്ന ആലപ്പുഴ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവ. ടി.ഡി. മെഡിക്കൽ കോളേജ് എന്നീ മൂന്ന് പ്രധാന ആശുപത്രികളോടൊപ്പം അമ്പലപ്പുഴയിലെ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്ററും കൂടി ഉൾപ്പെട്ട വിപുലമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമായ ഒരു മണ്ഡലം കൂടിയാണ് അമ്പലപ്പുഴ. ആലപ്പുഴ നഗരസഭയിലെ ആകെയുള്ള 52 വാർഡുകളിൽ 27 വാർഡുകളും പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് എന്നീ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന അമ്പലപ്പുഴ ഒരു തീരദേശ പ്രദേശമെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു.

മെഡിക്കൽ കോളേജ് അടക്കം ജില്ലയിലെ മൂന്ന് പ്രധാന ആരോഗ്യസംവിധാനങ്ങൾ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ ആരോഗ്യ മേഖലയിൽ ജില്ലയിൽ ഏറ്റവുംകൂടുതൽ നിക്ഷേപം നടന്ന മണ്ഡലവും അമ്പലപ്പുഴ തന്നെയാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. ആലപ്പുഴ ജനറൽ ആശുപത്രിയിൽ 7 നിലകളിലായി കിഫ്ബി ഫണ്ടിൽ നിന്നും 118 കോടി ചെലവിൽ പണികഴിപ്പിച്ച് ഉദ്ഘാടനം ചെയ്ത പുതിയ ഔട്ട് പേഷ്യന്റ് കെട്ടിടം മണ്ഡലത്തിലെ ആരോഗ്യമേഖല കൈവരിച്ച നേട്ടങ്ങളുടെ നേർ സാക്ഷ്യമായി തലയുയർത്തി നിൽക്കുന്നു. ആരോഗ്യരംഗത്ത് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികപ്പെടുത്തിയിരിക്കുന്നു.

## 4.4.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം | |
| 1 | ജനറൽ ആശുപത്രി ആലപ്പുഴ | പുതിയ കെട്ടിടം | 11700 | KIIFB | പൂർത്തീകരിച്ചു |
| 2 | ജനറൽ ആശുപത്രി ആലപ്പുഴ | പുതിയ കെട്ടിടം | 350 | | പുരോഗമിക്കുന്നു |
| 3 | ജനറൽ ആശുപത്രി ആലപ്പുഴ | ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ് | 300 | LSGD AMRIT | പൂർത്തീകരിച്ചു |
| 4 | ജനറൽ ആശുപത്രി ആലപ്പുഴ | വാക്സിൻ സ്റ്റോർ | 210 | | പുരോഗമിക്കുന്നു |
| 5 | ജനറൽ ആശുപത്രി ആലപ്പുഴ | പവർ ലോൺട്രി | 42 | | പൂർത്തിയാകുന്നു |
| 6 | ജനറൽ ആശുപത്രി ആലപ്പുഴ | ചുറ്റുമതിൽ | 22 | State Plan | പൂർത്തീകരിച്ചു |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ | കെട്ടിട നവീകരണം | 139 | State Plan | പൂർത്തീകരിച്ചു |
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ | കുടിവെള്ള ടാങ്ക് | 170 | State Plan | പൂർത്തീകരിച്ചു |
| 9 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ | ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ് | 180 | NHM | പുരോഗമിക്കുന്നു |
| 10 | യു.എച്ച്.ടി.സി. അമ്പലപ്പുഴ | ഐസൊലേഷൻ വാർഡ് | 175 | MLALADS | പുരോഗമിക്കുന്നു |
| 11 | എഫ്.എച്ച്.സി. പുന്നപ്ര തെക്ക് | പുതിയ കെട്ടിടം | 60 | MLALADS | പൂർത്തീകരിച്ചു |
| | | ആകെ | 13348 | | |

## 4.4.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | ജനറൽ ആശുപത്രി ആലപ്പുഴ | അനലോഗ് മാമോഗ്രാം | 21.47 | State Plan |
| 2 | യു.എച്ച്.ടി.സി. അമ്പലപ്പുഴ | ആംബുലൻസ് | 10.3 | MPLADS |
| 3 | എഫ്.എച്ച്.സി. പുന്നപ്ര വടക്ക് | വനിതകളുടെ ഫിറ്റ്നെസ് സെന്റർ | 10 | LSGD – Gram Panchayath |
| | | ആകെ | 41.77 | |



ആലപ്പുഴ ജനറൽ ആശുപത്രിയിൽ  കിഫ്ബി ഫണ്ടിൽ നിന്നും 117 കോടി തുക വിനിയോഗിച്ച്
നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്ക്



ആലപ്പുഴ ജനറൽ ആശുപത്രിയിൽ  കിഫ്ബി ഫണ്ടിൽ നിന്നും 117 കോടി തുക വിനിയോഗിച്ച്
നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്കിന്റെ ആകാശ ദൃശ്യം

| 4.4.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs) | | | | NHM Fund |
|---|---|---|---|---|
| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
| 1 | യു.എച്ച്.ടി.സി. അമ്പലപ്പുഴ | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 37.50 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. അമ്പലപ്പുഴ വടക്ക് | | 37.50 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. പുന്നപ്ര വടക്ക് | | 37.50 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. പുന്നപ്ര തെക്ക് | | 37.50 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. പുറക്കാട് | | 37.50 | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. തോട്ടപ്പള്ളി | | 37.50 | പൂർത്തീകരിച്ചു |
| | | ആകെ | 225.00 | |



പുന്നപ്ര വടക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതിവിഹിതത്തൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വനിതകളുടെ ഫിറ്റ്നസ്സ് സെന്റർ


| 4.4.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs) | | | | NHM Fund |
|---|---|---|---|---|
| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
| 1 | എച്ച്.ഡബ്ലു.സി. കളർകോട് കിഴക്ക് | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | ഉദ്ഘാടനം ചെയ്തു |
| 2 | എച്ച്.ഡബ്ലു.സി. പുറക്കാട് | | 7 | ഉദ്ഘാടനം ചെയ്തു |
| 3 | എച്ച്.ഡബ്ലു.സി. കളർകോട് ഐ.സി.ഡി.എസ് | | 7 | പൂർത്തീകരിച്ചു |
| 4 | എച്ച്.ഡബ്ലു.സി. ഒറ്റപ്പന ഐ.സി.ഡി.എസ് | | 7 | പൂർത്തീകരിച്ചു |
| 5 | എച്ച്.ഡബ്ലു.സി. പുറക്കാട് മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| | | ആകെ | 35 | |



CT Scan Machine



MRI Scan Machine






## ആലപ്പുഴ ജനറൽ ആശുപത്രിയിലെ ചികിത്സ സൗകര്യങ്ങൾ

- 360° Clinic
- Analog Mammogram
- Strock ICU
- 12 Slice CT Scan
- MRI Scan
- Ultra Sound Scan
- 3D X-Ray Unit
- Bronchoscopy Machine
- PTINR Machine
- Critical Care Unit
- Fibro Scan
- Isolation Ward
- Chemotherapy Unit
- Open Gym

# 4.5 കുട്ടനാട്




സമുദ്രനിരപ്പിനുതാഴെ സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ മുഴുവനായും വെള്ളത്താൽ ചുറ്റപ്പെട്ട ഭൂപ്രകൃതിയുള്ള കുട്ടനാട് നിയോജകമണ്ഡലം ആരോഗ്യ രംഗത്ത് സവിശേഷ പ്രാധാന്യം അർഹിക്കുന്നു. അതുകൊണ്ടുതന്നെ മണ്ഡലത്തിന്റെ മുക്കിനും മൂലയിലുമെത്തി ജനങ്ങൾക്ക് ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്ന ‘ സഞ്ചരിക്കുന്ന ആശുപത്രികൾ’ ഒരുപക്ഷെ സംസ്ഥാനത്ത് കുട്ടനാട് മണ്ഡലത്തിന്റെ മാത്രം സവിശേഷതയാണ്.

ജില്ലയിൽ ഏറ്റവും അധികം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുള്ളത് ഈ മണ്ഡലത്തിലാണ്; 13 ഗ്രാമപഞ്ചായത്തുകൾ. ചമ്പക്കുളം, എടത്വ, കൈനകരി, കാവാലം, മുട്ടാർ, നെടുമുടി, നീലം പേരൂർ, പുളിങ്കുന്ന്, രാമങ്കരി, തകഴി, തലവടി, വെളിയനാട്, വീയപുരം എന്നീ ഗ്രാമ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാട്ടിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ പുളിങ്കുന്ന് താലൂക്ക് ആശുപത്രി, ചെമ്പുമ്പുറം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, വെളിയനാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം എന്നിവയാണ്. 2.3 കോടി രൂപ ചെലവിൽ നിർമ്മിച്ച നീലപേരൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം, വെളിയനാട് കുടുംബാരോഗ്യകേന്ദ്രത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ഐസൊലേഷൻ വാർഡ് എന്നിവ അടിസ്ഥാനസൗകര്യ രംഗത്തെ പ്രധാന നിർമ്മിതികളാണ്. മണ്ഡലത്തിലെ പ്രധാനവികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

| 4.5.1 നിർമ്മിതികൾ | | | | | |
|---|---|---|---|---|---|
| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
| | | | തുക | ഉറവിടം | |
| 1 | എഫ്.എച്ച്.സി. | പുതിയ കെട്ടിടം | 230 | NHM | പുരോഗമിക്കുന്നു |
| 2 | സി.എച്ച്.സി. വെളിയനാട് | ഐസൊലേഷൻ വാർഡ് | 175 | MLALADS | പുരോഗമിക്കുന്നു |
| 3 | എഫ്.എച്ച്.സി. തലവടി | കെട്ടിട നവീകരണവും ലബോറട്ടറി നിർമ്മാണവും | 34 | NHM + LSGD | പുരോഗമിക്കുന്നു |
| 4 | സി.എച്ച്.സി. ചമ്പക്കുളം | കെട്ടിട നവീകരണം | 57 | NHM | പുരോഗമിക്കുന്നു |
| | | ആകെ | 405 | | |



നീലംപേരൂർ കുടുംബാരോഗ്യകേന്ദ്രത്തിന് 2.30 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച പുതിയ കെട്ടിടം.

| 4.5.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ | | | | |
|---|---|---|---|---|
| | സ്ഥാപനം | ഇനം | ഫണ്ട് | |
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | സി.എച്ച്.സി. വെളിയനാട് | ആംബുലൻസ് | 20.39 | MPLADS |
| | | ആകെ | 20.39 | |

## 4.5.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി. തകഴി | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 300.00 | പുരോഗമിക്കുന്നു |
| 2 | എഫ്.എച്ച്.സി. കാവാലം | | 56.50 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. വീയപുരം | | 38.91 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. രാമങ്കരി | | 27.10 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. തലവടി | | 20.33 | പുരോഗമിക്കുന്നു |
| | | ആകെ | 442.84 | |




ആർദ്രം പദ്ധതിയുടെ ഭാഗമായി 56.5 രൂപ ലക്ഷം ചെലവഴിച്ചു നിർമ്മിച്ച കാവാലം കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം

## 4.5.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ലു.സി. ഈര | ഉപകേന്ദ്രത്തെ ആരോഗ്യ -സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പുരോഗമിക്കുന്നു |
| 2 | എച്ച്.ഡബ്ലു.സി. കുന്നുമ്മ | | 7 | പുരോഗമിക്കുന്നു |
| 3 | എച്ച്.ഡബ്ലു.സി. ചെറുകര | . | 7 | ഉദ്ഘാടനം ചെയ്തു |
| 4 | എച്ച്.ഡബ്ലു.സി. പടഹാരം | ഘട്ടം 2 | 7 | പുരോഗമിക്കുന്നു |
| | | ആകെ | 21 | |




കുട്ടനാട് മണ്ഡലത്തിലെ ഒഴുകുന്ന ആശുപത്രി (Floating Dispensary)



തകഴി കുടുംബാരോഗ്യകേന്ദ്രത്തിൽ നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടം

# 4.6 ഹരിപ്പാട്




നെല്ലറയായ കുട്ടനാടിന്റെ ഭാഗങ്ങളായ കാർഷികഗ്രാമങ്ങളും അറബിക്കടലിന്റെ തീരഗ്രാമങ്ങളും ഒത്തുചേരുന്ന ഹരിപ്പാട് നിയോജകമണ്ഡലം ജില്ലയിൽ ഏറ്റവും അധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി വ്യാപിച്ചുകിടങ്ങുന്ന മണ്ഡലങ്ങളിലൊന്നാണ്. അതിനാൽ തന്നെ ആരോഗ്യകേന്ദ്രങ്ങളുടെ എണ്ണത്തിലും മുൻപന്തിയിലാണ് ഹരിപ്പാട്. ഹരിപ്പാട് നഗരസഭയും ആറാട്ടുപുഴ, ചേപ്പാട്, ചെറുതന, ചിങ്ങോലി, കാർത്തികപ്പള്ളി, കരുവാറ്റ, കുമാരപുരം, മുതുകുളം, പള്ളിപ്പാട്, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രി, മുതുകുളം ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം, തൃക്കുന്നപുഴ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്നിവയാണ്. ഇതോടൊപ്പം കരുവാറ്റ ടി.ബി. സെന്ററും പരാമർശം അർഹിക്കുന്നു.

ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ നിന്നും 1.28 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഒ.പി.കെട്ടിടം നവീകരണം, എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന കൂട്ടിരിപ്പുകാർക്കുള്ള വിശ്രമ കേന്ദ്രം എന്നിവയാണ് പ്രധാന അടിസ്ഥാനസൗകര്യവികസന പദ്ധതികൾ. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ തദ്ദേശസ്വയംഭരണ പദ്ധതിവിഹിതത്തിൽ പെടുത്തി സജ്ജീകരിച്ച സർജിക്കൽ യൂണിറ്റ്, മോർച്ചറി ഫ്രീസർ യൂണിറ്റ് എന്നിവ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ചിങ്ങോലി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയകെട്ടിടവും പൂർത്തിയായിട്ടുണ്ട്. ആരോഗ്യരംഗത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികപ്പെടുത്തിയിരിക്കുന്നു.

| 4.6.1 നിർമ്മിതികൾ | | | | | |
|---|---|---|---|---|---|
| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
| | | | തുക | ഉറവിടം | |
| 1 | ഹരിപ്പാട് താലൂക്ക് ആശുപത്രി | ഒ.പി. കെട്ടിട നവീകരണം | 128.0 | NHM | പുരോഗമിക്കുന്നു |
| 2 | ഹരിപ്പാട് താലൂക്ക് ആശുപത്രി | കൂട്ടിരിപ്പുകാർക്കുള്ള വിശ്രമകേന്ദ്രം | 92.6 | MLAADS | പുരോഗമിക്കുന്നു |
| 3 | എഫ്.എച്ച്.സി. ചിങ്ങോലി | പുതിയ കെട്ടിടം | 21.0 | NHM | പൂർത്തീകരിച്ചു |
| 4 | ടി. ബി. ക്ലിനിക്ക് കരുവാറ്റ | കെട്ടിട നവീകരണം | 22.7 | | പൂർത്തീകരിച്ചു |
| | | ആകെ | 264.3 | | |

| 4.6.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ | | | | |
|---|---|---|---|---|
| | സ്ഥാപനം | ഇനം | ഫണ്ട് | |
| | | | തുക | ഉറവിടം |
| 1 | ഹരിപ്പാട് താലൂക്ക് ആശുപത്രി | മോർച്ചറി & ഫ്രീസർ യൂണിറ്റ് | 9.46 | LSGD |
| 2 | ഹരിപ്പാട് താലൂക്ക് ആശുപത്രി | സർജിക്കൽ ICU സജ്ജമാക്കൽ | 9.66 | LSGD |
| 3 | ഹരിപ്പാട് താലൂക്ക് ആശുപത്രി | ട്രോമാകെയർ ഉപകരണങ്ങൾ | 9.98 | LSGD |
| 4 | ഹരിപ്പാട് താലൂക്ക് ആശുപത്രി | അത്യാധുനിക ലബോറട്ടറി ഉപകരണങ്ങൾ | 10.70 | LSGD |
| 5 | ഹരിപ്പാട് താലൂക്ക് ആശുപത്രി | | 20.71 | LSGD |
| 6 | സി.എച്ച്.സി തൃക്കുന്നപ്പുഴ | ആംബുലൻസ് | 10.50 | MPLADS |
| | | ആകെ | 71.01 | |




ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പൂർത്തിയാക്കിയ സർജിക്കൽ ICU, മോർച്ചറി ഫ്രീസർ സൗകര്യങ്ങൾ

## 4.6.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | ബി.എഫ്.എച്ച്.സി. മുതുകുളം | പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 38.00 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. ഹരിപ്പാട് | | 30.00 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. ചേപ്പാട് | | 29.00 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. പള്ളിപ്പാട് | | 22.50 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. കാർത്തികപ്പള്ളി | | 21.00 | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. പല്ലന | | 21.00 | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. ആറാട്ടുപുഴ | | 14.00 | പൂർത്തീകരിച്ചു |
| | | ആകെ | 175.5 | |




21 രൂപ ലക്ഷം ചെലവഴിച്ചു നിർമ്മിച്ച ചിങ്ങോലി കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം

## 4.6.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. ആറാട്ടുപുഴ വടക്ക് | ഉപകേന്ദ്രത്തെ ആരോഗ്യ -സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പൂർത്തീകരിച്ചു |
| 2 | എച്ച്.ഡബ്ല്യു.സി. ആയാപറമ്പ് | | 7 | പൂർത്തീകരിച്ചു |
| 3 | എച്ച്.ഡബ്ല്യു.സി. ചിങ്ങോലി മുഖ്യകേന്ദ്രം | | 7 | പുരോഗമിക്കുന്നു |
| 4 | എച്ച്.ഡബ്ല്യു.സി. കാർത്തികപ്പള്ളി മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| 5 | എച്ച്.ഡബ്ല്യു.സി. പള്ളിപ്പാട് മുഖ്യകേന്ദ്രം | | 7 | പൂർത്തീകരിച്ചു |
| 6 | എച്ച്.ഡബ്ല്യു.സി. ഹരിപ്പാട് മുഖ്യകേന്ദ്രം | | 7 | പൂർത്തീകരിച്ചു |
| | | ആകെ | 42 | |

# 4.7 കായംകുളം




തീരപ്രദേശത്തോട് അടുത്തുസ്ഥിതി ചെയ്യുമ്പോഴും അറബിക്കടലുമായി അതിർത്തി പങ്കിടാത്ത നിയമസഭ മണ്ഡലമാണ് കായംകുളം. എന്നാൽ ഉൾനാടൻ ജലാശയങ്ങളുടെ സാന്നിധ്യം ധാരാളമായുള്ളതിനാൽ ആരോഗ്യരംഗത്ത് സവിശേഷ ശ്രദ്ധപതിയേണ്ടതായുണ്ട്. കായംകുളം നഗരസഭയും ദേവികുളങ്ങര, കണ്ടല്ലൂർ, കൃഷ്ണപുരം, പത്തിയൂർ, ഭരണിക്കാവ്, ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തുകളും ചേർന്ന കായംകുളം മണ്ഡലം ദേശീയപാത 66 ന്റെ ഇരുവശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്നു. തെക്കു ഭാഗത്ത് കൊല്ലം ജില്ലയുമായി മണ്ഡലം അതിർത്തി പങ്കിടുന്നു.

മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രം കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയാണ്. കായംകുളം നഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന താലൂക്ക് ആശുപത്രിയിൽ 64.70 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടം പൂർത്തിയാകുന്നതോടെകൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്കു ലഭ്യമാകും. കായംകുളം ആശുപത്രിയിൽ 3.19 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയിട്ടുള്ള അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ പ്രസവമുറിയും ഓപ്പറേഷൻ തിയറ്ററും അടിസ്ഥാനസൗകര്യ മേഖലയിൽ ജില്ല കൈവരിച്ച നേട്ടത്തിന്റെ നേർചിത്രമാണ്. ആരോഗ്യരംഗത്ത് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം പട്ടികപ്പെടുത്തിയിരിക്കുന്നു.

## 4.7.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക | ഉറവിടം | |
| 1 | കായംകുളം താലൂക്ക് ആശുപത്രി | പുതിയ കെട്ടിടം | 6470 | KIIFB | പുരോഗമിക്കുന്നു |
| 2 | കായംകുളം താലൂക്ക് ആശുപത്രി | ലബോറട്ടറി കെട്ടിടം | 92 | MLALADS | പൂർത്തീകരിച്ചു |
| 3 | കായംകുളം താലൂക്ക് ആശുപത്രി | ലേബർ റൂം & ഓപ്പറേഷൻ തിയറ്റർ | 319 | NHM | പൂർത്തീകരിച്ചു |
| | | ആകെ | 6881 | | |

കായംകുളം താലൂക്ക് ആശുപത്രിയിൽ 64.7 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പുരോഗമിക്കുന്ന പുതിയ കെട്ടിടത്തിന്റെ രൂപരേഖ



## 4.7.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | കായംകുളം താലൂക്ക് ആശുപത്രി | ആംബുലൻസ് | 35.0 | MLALADS |
| 2 | കായംകുളം താലൂക്ക് ആശുപത്രി | ആംബുലൻസ് | 15.6 | MPLADS |
| 3 | എഫ്.എച്ച്.സി. കൃഷ്ണപുരം | ആംബുലൻസ് | 10.0 | MPLADS |
| | | ആകെ | 60.6 | |

## 4.7.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി. ചെട്ടികുളങ്ങര | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 55 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. ദേവികുളങ്ങര | | 21 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. കണ്ടല്ലൂർ | | 12 | പൂർത്തീകരിച്ചു |
| | | ആകെ | 88 | |



21 രൂപ ലക്ഷം ചെലവഴിച്ചു നിർമ്മിച്ച ദേവികുളങ്ങര
കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടം

## 4.7.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. കൊച്ചുമുറി | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പൂർത്തീകരിച്ചു |
| 2 | എച്ച്.ഡബ്ല്യു.സി. മങ്കുഴി തെക്ക് | | 7 | പൂർത്തീകരിച്ചു |
| 3 | എച്ച്.ഡബ്ല്യു.സി. ഭരണിക്കാവ് മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| 4 | എച്ച്.ഡബ്ല്യു.സി. കണ്ടല്ലൂർ വടക്ക് | | 7 | പുരോഗമിക്കുന്നു |
| | | ആകെ | 28 | |





കായംകുളം താലൂക്ക് ആശുപത്രിയിൽ 3.19 കോടി രൂപ വിനിയോഗിച്ച്
നിർമ്മാണം പൂർത്തീകരിച്ച ലേബർ റൂമും ഓപ്പറേഷൻ തിയേറ്ററും










കായംകുളം താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തീകരിച്ച മാതൃ-ശിശു വിഭാഗം

# 4.8 മാവേലിക്കര



ബുദ്ധ സ്തൂപം മാവേലിക്കര

കാർഷിക സമൃദ്ധിയ്ക്കുപേരുകേട്ട പഴയ ഓണാട്ടുകരയുടെ ഭാഗങ്ങൾ അടങ്ങിയ നിയോജകമണ്ഡലമാണ് മാവേലിക്കര. മാവേലിക്കര നഗരസഭയും കിഴക്കും തെക്കുമായുള്ള തഴക്കര, ചുനക്കര, മാവേലിക്കര-തെക്കേക്കര, മാവേലിക്കര-താമരക്കുളം, നൂറനാട്, പാലമേൽ, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്തുകളും അടങ്ങുന്ന മണ്ഡലത്തിന്റെ തെക്കേ അതിർത്തിയിൽ കൊല്ലം ജില്ലയാണ്.

മാവേലിക്കര ജില്ല ആശുപത്രി, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം ചുനക്കര, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം കുറത്തികാട്, നൂറനാട്ടെ ലെപ്രസി സാനിറ്റോറിയം എന്നിവയാണ് മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ. ലെപ്രസി സാനിറ്റോറിയത്തിൽ 40 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടവും 90 ലക്ഷം രൂപ ചെലവിൽ കൃത്രിമ അവയവ നിർമ്മാണ കേന്ദ്രവും പരിശീലന കേന്ദ്രവും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2 കോടിയോളം രൂപ ചെലവിൽ മോഡുലാർ ഓപ്പർഷൻ തിയറ്ററും ക്രിട്ടിക്കൽ കെയർ യൂണിറ്റും ഇതിനൊടകം തന്നെ പൂർത്തീകരിച്ച മാവേലിക്കര ജില്ല ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ നിന്നും 126.55 കോടി ചെലവിട്ട് നിർമ്മിക്കുന്ന പുതിയ കെട്ടിടം കൂടി പൂർത്തിയാകുന്നതോടെ ആരോഗ്യരംഗത്ത് വൻ കുതിപ്പിന് മണ്ഡലം സാക്ഷ്യം വഹിക്കും. വള്ളികുന്നം ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിൽ 175 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഐസൊലേഷൻ വാർഡാണ് മറ്റൊരു പ്രധാന നിർമ്മിതി. മാവേലിക്കര മണ്ഡലത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ സംക്ഷിപ്തം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## 4.8.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം | |
| 1 | ജില്ല ആശുപത്രി മാവേലിക്കര | പുതിയ കെട്ടിടം | 12655.00 | KIIFB | പുരോഗമിക്കുന്നു |
| 2 | ജില്ല ആശുപത്രി മാവേലിക്കര | തീവ്ര പരിചരണ വിഭാഗം കെട്ടിടം | 35.00 | MLALADS | പുരോഗമിക്കുന്നു |
| 3 | ജില്ല ആശുപത്രി മാവേലിക്കര | മൊഡ്യുലാർ ഓപ്പറേഷൻ തിയറ്റർ | 50.00 | KIIFB | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. വള്ളികുന്നം | ഐസൊലേഷൻ വാർഡ് | 175.00 | KIIFB | പുരോഗമിക്കുന്നു |
| 4 | ലെപ്രസി സാനിറ്റോറിയം നൂറനാട് | പുതിയ കെട്ടിടം | 40.30 | NABARD | പൂർത്തീകരിച്ചു |
| 5 | ലെപ്രസി സാനിറ്റോറിയം നൂറനാട് | കൃത്രിമ അവയവ കേന്ദ്രം | 45.00 | State Plan | പൂർത്തീകരിച്ചു |
| 6 | ലെപ്രസി സാനിറ്റോറിയം നൂറനാട് | കൃത്രിമ അവയവ പരിശീലന കേന്ദ്രം | 45.00 | State Plan | പൂർത്തീകരിച്ചു |
| | | ആകെ | 13045.30 | | |

## 4.8.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക (ലക്ഷം) | ഉറവിടം |
| 1 | ജില്ല ആശുപത്രി മാവേലിക്കര | തീവ്ര പരിചരണ വിഭാഗത്തിലേക്കുള്ള ഉപകരണങ്ങൾ | 142.65 | State Plan |
| 2 | ജില്ല ആശുപത്രി മാവേലിക്കര | ആംബുലൻസ് | 22.30 | MLALADS |
| 3 | ജില്ല ആശുപത്രി മാവേലിക്കര | ആംബുലൻസ് | 22.15 | MPLADS |
| 3 | ജില്ല ആശുപത്രി മാവേലിക്കര | വനിത ജിംനേഷ്യം | 30.00 | LSGD – District Panchayath |
| 4 | ജില്ല ആശുപത്രി മാവേലിക്കര | സ്ത്രീകളുടെയും കുട്ടികളുടെയും വാർഡ് നവീകരണം | 75.00 | |
| 5 | ജില്ല ആശുപത്രി മാവേലിക്കര | ഫിസിയോ തെറാപ്പി | 17.99 | |
| 6 | ജില്ല ആശുപത്രി മാവേലിക്കര | മോർച്ചറി & ഫ്രീസർ | 25.00 | |
| 7 | ജില്ല ആശുപത്രി മാവേലിക്കര | ഓഫീസ് നവീകരണം | 40.00 | |
| 7 | ലെപ്രസി സാനിറ്റോറിയം നൂറനാട് | ആംബുലൻസ് | 20.00 | MPLADS |
| | | ആകെ | 395.09 | |

## 4.8.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*


| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | ബി.എഫ്.എച്ച്.സി. | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 38.00 | പൂർത്തീകരിച്ചു |
| 2 | ബി.എഫ്.എച്ച്.സി. ചുനക്കര | | 37.50 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. തഴക്കര | | 38.04 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. വള്ളികുന്നം | | 29.03 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. നൂറനാട് | | 18.96 | പൂർത്തീകരിച്ചു |
| 6 | എഫ്.എച്ച്.സി. താമരക്കുളം | | 16.82 | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. പാലമേൽ | | 06.36 | പൂർത്തീകരിച്ചു |
| | | ആകെ | 184.71 | |

## 4.8.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യു.സി. പച്ചക്കാട് | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പൂർത്തീകരിച്ചു |
| 2 | എച്ച്.ഡബ്ല്യു.സി. എലിപ്പക്കുളം | | 7 | പൂർത്തീകരിച്ചു |
| 3 | എച്ച്.ഡബ്ല്യു.സി. എടക്കുന്നം | | 7 | പൂർത്തീകരിച്ചു |
| 4 | എച്ച്.ഡബ്ല്യു.സി. താമരക്കുളം മുഖ്യകേന്ദ്രം | | 7 | പൂർത്തീകരിച്ചു |
| 5 | എച്ച്.ഡബ്ല്യു.സി. കുന്നം | | 7 | പൂർത്തീകരിച്ചു |
| 6 | എച്ച്.ഡബ്ല്യു.സി. വേടരപ്ലാവ് | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| 7 | എച്ച്.ഡബ്ല്യു.സി. കടുവിനാൽ | | 7 | ഉദ്ഘാടനം ചെയ്തു |
| 8 | എച്ച്.ഡബ്ല്യു.സി. പുലിമേൽ | | 7 | ഉദ്ഘാടനം ചെയ്തു |
| 9 | എച്ച്.ഡബ്ല്യു.സി. ചുനക്കര വടക്ക് | | 7 | പൂർത്തീകരിച്ചു |
| 10 | എച്ച്.ഡബ്ല്യു.സി. അറുന്നൂറ്റിമംഗലം | | 7 | പൂർത്തീകരിച്ചു |
| 11 | എച്ച്.ഡബ്ല്യു.സി. തെക്കേക്കര തെക്ക് | | 7 | പുരോഗമിക്കുന്നു |
| | | ആകെ | 77 | |



മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ നിന്നും 126.55 കോടി ചെലവിട്ട് നിർമ്മാണം പുരോഗമിക്കുന്ന കെട്ടിട സമുച്ചയം



നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പൂർത്തീകരിച്ച പുതിയ കെട്ടിടം

# 4.9 ചെങ്ങന്നൂർ




ഒരു തീരദേശ ജില്ലയായി കണക്കാക്കപ്പെടുന്ന ആലപ്പുഴ ജില്ലയുടെ ഭാഗമാണെങ്കിലും ഭൂപ്രകൃതിയുടെ കാര്യത്തിലും ജനസംഖ്യപരമായ സവിശേഷതകളിലും വടക്കും കിഴക്കും തെക്കും അതിർത്തി പങ്കിടുന്ന പത്തനംതിട്ട ജില്ലയോട് ഏറെ അടുത്തുനിൽക്കുന്ന നിയമസഭ മണ്ഡലമാണ് ചെങ്ങന്നൂർ. ചെങ്ങന്നൂർ നഗരസഭയും സമീപത്തെ ആല, ബുധനൂർ, ചെറിയനാട്, മാന്നാർ, മുളക്കുഴ, പാണ്ടനാട്, പുലിയൂർ, തിരുവൻവണ്ടൂർ, വെണ്മണി, ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തുകളുമടങ്ങുന്ന ചെങ്ങന്നൂർ മണ്ഡലം ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്ന മധ്യതിരുവിതാംകൂർ ബെൽറ്റിന്റെ ഭാഗമാണ്.

ചെങ്ങന്നൂർ നഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ചെങ്ങന്നൂർ ജില്ല ആശുപത്രിയും പാണ്ടനാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രവുമാണ് മണ്ഡലത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ. 10 കോടി രൂപ ചെലവിൽ മാതൃ-ശിശു ആരോഗ്യ ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയ ചെങ്ങന്നൂർ ജില്ല ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ നിന്നും 97.91 കോടി രൂപ ചെലവിട്ട് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ധ്രുതഗതിയിൽ പുരോഗമിക്കുകയാണ്. മാന്നാർ കുടുംബരോഗ്യകേന്ദ്രത്തിൽ 3.5 കോടി രൂപ മുടക്കി നിർമ്മിക്കുന്ന പുതിയകെട്ടിടത്തിന്റെ നിർമ്മാണം ഉടൻ പൂർത്തിയാകും. മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സംക്ഷിപ്തം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## 4.9.1 നിർമ്മിതികൾ

| | സ്ഥാപനം | പ്രവർത്തി | ഫണ്ട് | | അവസ്ഥ |
|---|---|---|---|---|---|
| | | | തുക | ഉറവിടം | |
| 1 | ജില്ല ആശുപത്രി ചെങ്ങന്നൂർ | പുതിയ കെട്ടിടം | 9771 | KIIFB | പുരോഗമിക്കുന്നു |
| 2 | ജില്ല ആശുപത്രി ചെങ്ങന്നൂർ | മാതൃ-ശിശു ആരോഗ്യ ബ്ലോക്ക് | 1000 | NHM | പൂർത്തീകരിച്ചു |
| 3 | സി.എച്ച്.സി. മാന്നാർ | പുതിയ കെട്ടിടം | 350 | | പുരോഗമിക്കുന്നു |
| | | ആകെ | 11121 | | |




പാണ്ടനാട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ 4.06 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടം

## 4.9.2 ഉപകരണങ്ങൾ/വാഹനങ്ങൾ വാങ്ങൽ

| | സ്ഥാപനം | ഇനം | ഫണ്ട് | |
|---|---|---|---|---|
| | | | തുക | ഉറവിടം |
| 1 | ജില്ല ആശുപത്രി ചെങ്ങന്നൂർ | അത്യാധുനിക ചികിത്സ ഉപകരണങ്ങൾ | 103.24 | LSGD -District Panchayath |
| 2 | ജില്ല ആശുപത്രി ചെങ്ങന്നൂർ | പാലിയെറ്റീവ് വാർഡ് സജ്ജീകരണം | 5.00 | LSGD -District |
| | | ആകെ | 108.24 | |

## 4.9.3 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | ബി.എഫ്.എച്ച്.സി. പാണ്ടനാട് | സാമൂഹിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 406.00 | പൂർത്തീകരിച്ചു |
| 2 | എഫ്.എച്ച്.സി. എരമല്ലിക്കര | | 98.90 | പൂർത്തീകരിച്ചു |
| 3 | എഫ്.എച്ച്.സി. ആല | | 33.00 | പൂർത്തീകരിച്ചു |
| 4 | എഫ്.എച്ച്.സി. ബുധനൂർ | | 29.50 | പൂർത്തീകരിച്ചു |
| 5 | എഫ്.എച്ച്.സി. വെണ്മണി | | 28.50 | പുരോഗമിക്കുന്നു |
| 6 | എഫ്.എച്ച്.സി. കടമ്പൂർ | | 27.10 | പൂർത്തീകരിച്ചു |
| 7 | എഫ്.എച്ച്.സി. മുളക്കുഴ | | 21.00 | പൂർത്തീകരിച്ചു |
| 8 | എഫ്.എച്ച്.സി. ചെറിയനാട് | | 19.50 | പൂർത്തീകരിച്ചു |
| 9 | എഫ്.എച്ച്.സി. ചെന്നിത്തല | | 16.36 | പൂർത്തീകരിച്ചു |
| 10 | എഫ്.എച്ച്.സി. പുലിയൂർ | | 15.50 | പൂർത്തീകരിച്ചു |
| | | ആകെ | 695.36 | |

## 4.8.4 ആരോഗ്യ-സൗഖ്യകേന്ദ്രങ്ങൾ (HWCs)

*NHM Fund*

| | സ്ഥാപനം | പ്രവർത്തി | തുക (ലക്ഷം) | അവസ്ഥ |
|---|---|---|---|---|
| 1 | എച്ച്.ഡബ്ല്യൂ.സി. പെണ്ണുക്കര | ഉപകേന്ദ്രത്തെ ആരോഗ്യ-സൗഖ്യകേന്ദ്രമാക്കി ഉയർത്തൽ ഘട്ടം 1 | 7 | പൂർത്തീകരിച്ചു |
| 2 | എച്ച്.ഡബ്ല്യൂ.സി. മന്ദപരിയാരം | | 7 | പൂർത്തീകരിച്ചു |
| 3 | എച്ച്.ഡബ്ല്യൂ.സി. മുളക്കുഴ മുഖ്യകേന്ദ്രം | | 7 | പൂർത്തീകരിച്ചു |
| 4 | എച്ച്.ഡബ്ല്യൂ.സി. ചെന്നിത്തല തെക്ക് | | 7 | പുരോഗമിക്കുന്നു |
| 5 | എച്ച്.ഡബ്ല്യൂ.സി. തിരുവൻവണ്ടൂർ | | 7 | പുരോഗമിക്കുന്നു |
| 6 | എച്ച്.ഡബ്ല്യൂ.സി. മാന്നാർ കിഴക്ക് | | 7 | പുരോഗമിക്കുന്നു |
| 7 | എച്ച്.ഡബ്ല്യൂ.സി. വെണ്മണി പടിഞ്ഞാറ് | | 7 | പുരോഗമിക്കുന്നു |
| 8 | എച്ച്.ഡബ്ല്യൂ.സി. കടമ്പൂർ മുഖ്യകേന്ദ്രം | ഘട്ടം 2 | 7 | ഉദ്ഘാടനം ചെയ്തു |
| 9 | എച്ച്.ഡബ്ല്യൂ.സി. ബുധനൂർ മുഖ്യകേന്ദ്രം | | 7 | പുരോഗമിക്കുന്നു |
| 10 | എച്ച്.ഡബ്ല്യൂ.സി. ചെറിയനാട് വടക്ക് | | 7 | പുരോഗമിക്കുന്നു |
| 11 | എച്ച്.ഡബ്ല്യൂ.സി. എരമല്ലിക്കര മുഖ്യകേന്ദ്രം | | 7 | പുരോഗമിക്കുന്നു |
| | | ആകെ | 77 | |



ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ടിൽ നിന്നും 97.71കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്ന കെട്ടിട സമുച്ചയം



ഇരമല്ലിക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്ത പുതിയ കെട്ടിടം

# 5
# അഭിമാന നേട്ടങ്ങൾ

## 5.1 NQAS അംഗീകാര തിളക്കം

പൊതുജനാരോഗ്യകേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന ആരോഗ്യ സേവനങ്ങളുടെ ഗുണ നിലവാരം വർധിപ്പിക്കുന്നതിനായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഇന്ത്യയിൽ നടപ്പിലാക്കിയ ഗുണനിലവാര ചട്ടക്കൂടാണ് ദേശിയ ഗുണനിലവാര മാനദണ്ഡങ്ങൾ അഥവാ National Quality Assurance Standards (NQAS). സുരക്ഷിതവും രോഗീ കേന്ദ്രീകൃതവും ഉന്നത ഗുണനിലവാരമുള്ളതുമായ സേവനങ്ങൾ വിവിധ തലങ്ങളിലുള്ള ആരോഗ്യകേന്ദ്രങ്ങളിലൂടെ ഉറപ്പാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. മൂന്നു വർഷത്തെ കാലാവധിയിലാണ് NQAS അംഗീകാരം നൽകുന്നത്. മൂന്നു വർഷത്തിന് ശേഷം ദേശിയ സംഘത്തിന്റെ പപുനഃപരിശോധനയുമുണ്ടാകും. NQAS അംഗീകാരം ലഭിക്കുന്ന FHC/UPHC കളിൽ 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18000 രൂപ വീതവും, IP സേവനമുള്ള ആശുപത്രികളിൽ ഒരു കിടക്കയ്ക്ക് 10000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

ജില്ലയിൽ ഇതിനോടകം 9 ആരോഗ്യസ്ഥാപനങ്ങൾക്ക് NQAS ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 4 സ്ഥാപനങ്ങൾ സംസ്ഥാന അക്രഡിറ്റേഷൻ പ്രക്രിയയും പൂർത്തിയാക്കിയിട്ടുണ്ട്.

**5.1. എൻ ക്യൂ എ എസ്സ് (NQAS) അംഗീകാരം: സ്ഥിതി വിവരം**

| | സ്ഥാപനം | ആകെ എണ്ണം | അക്രഡിയേറ്റഡ് സ്ഥാപനങ്ങൾ (ദേശീയം + സംസ്ഥാനം) | നേട്ടം (%) |
|---|---|---|---|---|
| 1 | ജനറൽ / ജില്ല ആശുപത്രി | 4 | 1 | 25.00 |
| 2 | താലൂക്ക് ആശുപത്രി | 6 | 0 | 0 |
| 3 | സി.എച്ച്.സി | 16 | 0 | 0 |
| 4 | എഫ്.എച്ച്.സി / പി.എച്ച്.സി | 59 | 9 | 15.25 |
| 5 | അർബൻ പി.എച്ച്.സി | 6 | 3 | 50.00 |
| 6 | എച്ച്.ഡബ്ല്യു.സി. / സബ് സെന്റർ | 366 | 0 | 0 |
| | ആകെ | 457 | 13 | 2.84 |

| 5.2. എൻ ക്യൂ എ എസ്സ് (NQAS) ദേശീയ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ | | |
|---|---|---|
| സാമ്പത്തിക വർഷം | അക്രഡിറ്റഡ് സ്ഥാപനങ്ങൾ | റീ-അക്രഡിറ്റഡ് സ്ഥാപനങ്ങൾ |
| 2018-2019 | 1. എഫ്.എച്ച്.സി. പുറക്കാട് | |
| 2019-2020 | 2. എഫ്.എച്ച്.സി. പാണാവള്ളി | |
| | 3. എഫ്.എച്ച്.സി. പുന്നപ്ര നോർത്ത് | |
| 2020-2021 | 4. യു.പി.എച്ച്.സി. ചേരാവള്ളി | |
| | 5. യു.പി.എച്ച്.സി. മുല്ലാത്തുവളപ്പ് | |
| | 6. യു.പി.എച്ച്.സി. നെഹ്റു ട്രോഫി | |
| 2024-2025 | 7. എഫ്.എച്ച്.സി. ചെട്ടികുളങ്ങര | എഫ്.എച്ച്.സി. പാണാവള്ളി |
| | 8. എഫ്.എച്ച്.സി. താമരക്കുളം | |
| | 9. എഫ്.എച്ച്.സി. ഭരണിക്കാവ് | |

## 5.2 കായകൽപ്പ് (KAYAKALP) പുരസ്ക്കാരം


സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി മികച്ച പ്രകടനം കാഴ്ചവെക്കുന്നവയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ഏർപ്പെടുത്തിയതാണ് കായകൽപ്പ് പുരസ്ക്കാരം. ജില്ല ആശുപത്രികൾ. താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ നിന്ന് തിരഞ്ഞെടുക്കുന്ന മികച്ച ആശുപത്രികൾക്കാണ് കായകൽപ്പ് അവാർഡുകൾ നൽകുന്നത്. ആശുപത്രികളിൽ ജില്ലാതല പരിശോധനയും പിന്നീട് സംസ്ഥാനതല പരിശോധനയും നടത്തി അവർഡ് നിർണായ കമ്മിറ്റിയാണ് ഏറ്റവും മികച്ച ആശുപത്രികളെ തിരഞ്ഞെടുക്കുന്നത്.

2021-22, 2022-23, 2023-24 വർഷങ്ങളിൽ ജില്ലയിൽ നിന്നും കായകൽപ്പ് പുരസ്ക്കാരത്തിന് അർഹരായ സ്ഥാപനങ്ങളുടെ വിവരം പട്ടികയായി നൽകിയിരിക്കുന്നു.

| 5.3 കായകൽപ് പുരസ്ക്കാരം ലഭിച്ച സ്ഥാപങ്ങൾ (2021-2022) | | |
|---|---|---|
| | സ്ഥാപനം | പുരസ്ക്കാരം |
| 1 | ജില്ല ആശുപത്രി മാവേലിക്കര | പ്രോത്സാഹന സമ്മാനം |
| 2 | താലൂക്ക് ആസ്ഥാന ആശുപത്രി ഹരിപ്പാട് | പ്രോത്സാഹന സമ്മാനം |
| 3 | യു.എച്ച്.ടി.സി. അമ്പലപ്പുഴ | പ്രോത്സാഹന സമ്മാനം |
| 4 | യു.പി.എച്ച്.സി. ചേരാവള്ളി | പ്രോത്സാഹന സമ്മാനം |
| 5 | എഫ്.എച്ച്.സി. പാണാവള്ളി | ഒന്നാം സമ്മാനം |
| 6 | എഫ്.എച്ച്.സി. പുന്നപ്ര സൗത്ത് | ഒന്നാം സമ്മാനം |
| 7 | എഫ്.എച്ച്.സി. എഴുപുന്ന | രണ്ടാം സമ്മാനം |
| 8 | എഫ്.എച്ച്.സി. പള്ളിപ്പുറം | മൂന്നാം സമ്മാനം |

| 5.4 കായകൽപ് പുരസ്ക്കാരം ലഭിച്ച സ്ഥാപങ്ങൾ (2022-2023) | | |
|---|---|---|
| | സ്ഥാപനം | പുരസ്ക്കാരം |
| 1 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആലപ്പുഴ | പ്രോത്സാഹന സമ്മാനം |
| 2 | താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം | പ്രോത്സാഹന സമ്മാനം |
| 3 | താലൂക്ക് ആസ്ഥാന ആശുപത്രി, ഹരിപ്പാട് | പ്രോത്സാഹന സമ്മാനം |
| 4 | യു.പി.എച്ച്.സി. മുല്ലത്തുവളപ്പ് | പ്രോത്സാഹന സമ്മാനം |
| 5 | യു.പി.എച്ച്.സി. ചേരാവള്ളി | പ്രോത്സാഹന സമ്മാനം |
| 6 | യു.പി.എച്ച്.സി. നെഹ്റു ട്രോഫി | മൂന്നാം സമ്മാനം |
| 7 | എഫ്.എച്ച്.സി. ഭരണിക്കാവ് | ഒന്നാം സമ്മാനം |
| 8 | എഫ്.എച്ച്.സി. ചെട്ടികുളങ്ങര | രണ്ടാം സമ്മാനം |
| 9 | എഫ്.എച്ച്.സി. കണ്ടല്ലൂർ | മൂന്നാം സമ്മാനം |

| 5.3 കായകൽപ് പുരസ്ക്കാരം ലഭിച്ച സ്ഥാപങ്ങൾ (2023-2024) | | |
|---|---|---|
| | സ്ഥാപനം | പുരസ്ക്കാരം |
| 1 | ജനറൽ ആശുപത്രി, ആലപ്പുഴ | പ്രോത്സാഹന സമ്മാനം |
| 2 | ജില്ല ആശുപത്രി, മാവേലിക്കര | പ്രോത്സാഹന സമ്മാനം |
| 3 | സി.എച്ച്.സി മുതുകുളം | പ്രോത്സാഹന സമ്മാനം |
| 4 | യു.എച്ച്.ടി.സി അമ്പലപ്പുഴ | പ്രോത്സാഹന സമ്മാനം |
| 5 | എഫ്.എച്ച്.സി. താമരക്കുളം | ഒന്നാം സമ്മാനം |
| 6 | എഫ്.എച്ച്.സി. കലവൂർ | പ്രോത്സാഹന സമ്മാനം |
| 7 | എഫ്.എച്ച്.സി. എഴുപുന്ന | പ്രോത്സാഹന സമ്മാനം |
| 8 | യു.പി.എച്ച്.സി. മുല്ലത്തുവളപ്പ് | രണ്ടാം സമ്മാനം |
| 9 | യു.പി.എച്ച്.സി. ചേരാവള്ളി | മൂന്നാം സമ്മാനം |
| 10 | യു.പി.എച്ച്.സി. നെഹ്റു ട്രോഫി | പ്രോത്സാഹന സമ്മാനം |
| 11 | യു.പി.എച്ച്.സി. തൊണ്ടൻകുളങ്ങര | പ്രോത്സാഹന സമ്മാനം |
| 12 | എ.എ.എം. പൊന്നാട് | പ്രോത്സാഹന സമ്മാനം |
| 13 | എ.എ.എം. പച്ചക്കാട് | പ്രോത്സാഹന സമ്മാനം |
| 14 | എ.എ.എം. കുന്നം | പ്രോത്സാഹന സമ്മാനം |



# 4
# നൂതനാശയങ്ങളും പുതുവഴികളും

## 6.1 നീനു Talks





ആലപ്പുഴ ജില്ല ആരോഗ്യവകുപ്പിന്റെ ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ സന്ദേശത്തിനുള്ള ഐക്കൺ ആണ് **നീനു.** ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം), എഡ്യൂക്കേഷൻ & മീഡിയ വിഭാഗം തയ്യാറാക്കുന്ന എല്ലാ ബോധവൽക്കരണ സാമഗ്രികളിലും ക്യാമ്പയിനുകളിലും നീനു ടോക്സ് ലോഗോ ഉൾക്കൊള്ളിക്കുന്നുണ്ട്. ആരോഗ്യ സന്ദേശങ്ങൾ / പുതിയ അറിവ് ഏറ്റവും സ്വീകരണ മനോഭാവത്തോടെ ഉൾക്കൊള്ളുന്നത് കുട്ടികളാണ്. ചെറുപ്രായത്തിൽ ആർജിക്കുന്ന അറിവ് ആരോഗ്യ ശീലവത്കരണത്തെ സ്വാധീനിക്കുന്നു എന്ന ആശയത്തിൽ അധിഷ്ഠിതമായാണ് ഐക്കൺ ആയി ഒരു കുട്ടിയെ തിരഞ്ഞെടുത്തത്. അതുപോലെ കാണുന്നവരിൽ അടുപ്പവും കൗതുകവും ജനിപ്പിക്കുന്നതിൽ നീനു ഒരു പങ്ക് വഹിക്കുന്നുണ്ട്. 2021 ജൂൺ 21 നാണ് ജില്ലാ എജുക്കേഷൻ ആൻഡ് മീഡിയ വിഭാഗം നിർദ്ദേശിച്ച ലോഗോ ഔദ്യോഗികമായി ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിച്ചത്.

തുടർന്ന് ലോഗോ എന്നതിനപ്പുറം ബോധവൽക്കരണ വീഡിയോകളിലും സന്ദേശങ്ങളിലും നീനു ശബ്ദമായും കഥാപാത്രമായും തുടർന്നു വരുന്നു. ജില്ലാ മെഡിക്കൽ ഓഫീസ് ബോധ്യം എന്ന വാട്സ്ആപ്പ് ചാനൽ തുടങ്ങിയപ്പോഴും ചാനൽ ഡിപി ആയതും നീനു ആണ്. ചുരുക്കത്തിൽ ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങളുടെ ജില്ലയിലെ പ്രയോക്താവ് എന്ന നിലയിൽ നീനുവിനെ അവതരിപ്പിക്കാനുള്ള പരിശ്രമമാണ് തുടർന്നു വരുന്നത്. കാലങ്ങളായി കൈമാറ്റം ചെയ്തുവരുന്ന കാർട്ടൂൺ കഥാപാത്രങ്ങൾ, പ്രമുഖ പരസ്യങ്ങളുടെ ലോഗോ ഇവയൊക്കെ പ്രധാന സൂചകങ്ങളായി കാഴ്ചക്കാരിലും കേൾവിക്കാരിലും നിലനിൽക്കുന്നത് പോലെ ആരോഗ്യ വിദ്യാഭ്യാസ സന്ദേശങ്ങൾ കൂടുതൽ ജനകീയവും സ്വീകാര്യവും ആക്കുന്നതിന് ഇത്തരത്തിൽ ഒരു കഥാപാത്ര രൂപവൽക്കരണം സഹായിക്കുന്നുവെന്ന് കരുതുന്നു.



## 6.2 ബോധ്യം വാട്സ്ആപ്പ് ചാനൽ

നവമാധ്യമങ്ങളിൽ അസത്യങ്ങളും അർദ്ധസത്യങ്ങളും കാട്ടുതീപോലെ പടരുന്ന ഈ സത്യാനന്തര കാലത്ത് കൃത്യവും വ്യക്തവുമായ ആരോഗ്യസന്ദേശങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ എജ്യൂക്കേഷൻ & മീഡിയ വിഭാഗം 2024 ജനുവരി മാസത്തിൽ ആരംഭിച്ച വാട്സാപ്പ് ചാനലാണ് ‘ബോധ്യം’ - **Behaviour Change Oriented Dissemination of Health Messages to Masses (BODHYAM).** അതാതു ദിവസത്തെ ദിനാചാരണങ്ങളുമായി ബന്ധപ്പെട്ടതോ സമകാലിക പ്രസക്തിയുള്ള ആരോഗ്യ വിഷയങ്ങളുമായി ബന്ധപ്പെട്ടതോ ആയ ആകർഷണീയമായ ഒരു പോസ്റ്ററും അനുബന്ധ വിവരങ്ങളുമാണ് ഓരോ ദിവസവും ചാനലിൽ പോസ്റ്റ് ചെയ്യുന്നത്. 7400 ഫോളോവേഴ്സുമായി മുന്നേറുന്ന ചാനലിലൂടെ പ്രചരിപ്പിക്കുന്ന സന്ദേശങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകർ വഴി വിവിധ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ ചാനൽ പിന്തുടരാത്തവരിലേയ്ക്കും എത്തിക്കാൻ സാധിക്കുന്നുണ്ട് എന്നത് വലിയൊരു നേട്ടമാണ്.



## 6.3 മുറ്റത്തെത്തും ആരോഗ്യം

ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് 30 വയസ്സിന് മുകളിലുള്ള എല്ലാവരിലും ജീവിത ശൈലീ രോഗ നിർണ്ണയ പരിശോധന ശക്തിപ്പെടുത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും ആരോഗ്യകരമായ ജീവിത ശൈലി പിന്തുടരുന്നതിന് ആവശ്യമായ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിനുമായി ആരോഗ്യം ജനങ്ങളിലൂടെ ജനങ്ങൾക്കായ് എന്ന സന്ദേശമുയർത്തി ജില്ലയിൽ ആവിഷ്ക്കരിച്ചിട്ടുള്ള **സാമൂഹ്യാധിഷ്ഠിത ജീവിത ശൈലീ രോഗനിയന്ത്രണ ബോധവത്കരണ പരിപാടിയാണ് 'മുറ്റത്തെത്തും ആരോഗ്യം'.**

പ്രവർത്തനങ്ങൾ

- ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി ആഴ്ചതോറും രോഗ നിർണ്ണയ ക്ലിനിക്കുകൾ
- ഭവന സന്ദർശനത്തിലൂടെ രോഗ നിർണ്ണയം (30 വയസ്സിന് മുകളിലുള്ളവർക്കായി 50 വീടുകളായി തിരിച്ച്)
- വ്യാഴാഴ്ചകളിൽ NCD ക്ലിനിക്കുകൾ വഴി ഉച്ച കഴിഞ്ഞ് വീടുകൾ സന്ദർശിച്ച് 30 വയസ്സിന് മുകളിലുള്ള എല്ലാവർക്കും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ
- ഭവന സന്ദർശന വേളയിൽ ഇല്ലാത്തവർക്കായി മാസത്തിലൊരിക്കൽ ഞായറാഴ്ച പ്രത്യേക രോഗനിർണ്ണയം
- സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് നാട്ടൊരുമ കൂട്ടായ്മകൾ
- ജീവിത ശൈലീ രോഗമുള്ള വ്യക്തികളെ ഉൾപ്പെടുത്തി കൊണ്ട് Peer Support ഗ്രൂപ്പുകൾ
- നാട്ടു നടത്തം, ചെറിയ ഗ്രൂപ്പുകളായുള്ള വ്യായാമം, കൂട്ടായുള്ള വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- യോഗ പരിശീലനങ്ങളും മറ്റ് വ്യയാമ രീതികളും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയിലൂടെ സമൂഹത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- സ്ട്രെസ് മാനേജ്മെന്റ് ടെക്നിക്കുകളെ കുറിച്ച് പരിശീലനങ്ങൾ
- ആരോഗ്യ ആഹാര പാത്രം - ശരിയായ ഭക്ഷണരീതി തിരഞ്ഞെടുക്കുന്നതിനും പോഷക സമ്പുഷ്ടമായ ഭക്ഷണക്രമീകരണത്തിലൂടെ ശരീര ഭാരം നിയന്ത്രിച്ചു നിർത്തുന്നതിനുള്ള ലളിതമായ മാതൃകയാണ് ആഹാര ആരോഗ്യ പാത്രം. ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക, ഡെമോൺസ്ട്രേഷൻസ് നടത്തുക, ആരോഗ്യകരമായ പാചക കുറിപ്പുകൾ, പാചക രീതി പ്രോത്സാഹിപ്പിക്കുക എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു
- തുടർ ചികിത്സ ഉറപ്പാക്കൽ

## 6.4 പീടിക തിണ്ണയിൽ

ആരോഗ്യ വിദ്യാഭ്യാസ ബോധവത്ക്കരണ പരിപാടികളിൽ പുരുഷ പങ്കാളിത്തവും സാന്നിധ്യവും ഉറപ്പിക്കുന്നതിനുള്ള ജില്ലാതല ക്യാമ്പയിനാണ് ' പീടിക തിണ്ണയിൽ'. ആരോഗ്യ സ്ഥാപനങ്ങളുടെ പരിധിയിലെ പീടികകൾ, ചായക്കടകൾ എന്നിവ കേന്ദ്രീകരിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ജനശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ പ്രധാനപ്പെട്ട ആരോഗ്യ വിഷയങ്ങൾ ചർച്ചയാക്കുകയും പ്രതിരോധ ശീലങ്ങൾ ഉണ്ടാക്കിയെടുക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കഥയുടെയും നാടൻ പാട്ടിന്റെയുമൊക്കെ അകമ്പടിയോടെ സൗഹൃദ സംഭാഷണത്തിലൂടെയും നർമരസത്തിലൂടെയും ആശയങ്ങൾ ജനസ്സുകളിലേയ്ക്ക് എത്തിക്കുവാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. ക്ലാസിന്റെ ഔപചാരികതകൾ ഇല്ലാതെ പങ്കെടുക്കുന്നവർ അവരുടെ അനുഭവങ്ങളും ശീലങ്ങളും തുറന്ന മനസോടെ പങ്കുവെക്കുന്നു. ആരോഗ്യ പ്രവർത്തകരുടെ ക്ലാസുകൾ, ഗ്രൂപ്പ് ചർച്ചകൾ, വ്യത്യസ്തമായ ബോധവൽക്കരണ പോസ്റ്ററുകളുടെ പ്രദർശനം സംശയ ദൂരീകരണത്തിനുള്ള ചർച്ചകൾ തുടങ്ങിയ പരിപാടികൾ പീടിക തിണ്ണയുടെ ഭാഗമായി നടത്തുന്നു. എലിപ്പനി, ക്ഷയരോഗം തുടങ്ങിയ പകർച്ചവ്യാധികൾ, ജീവിതശൈലി രോഗങ്ങൾ, പുകയില വർജന പരിപാടി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ' പീടിക തിണ്ണയിൽ' ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്



## 6.5 I am a TB Warrior

ക്ഷയരോഗമുക്ത സമൂഹം സാധ്യമാക്കുന്നതിനായി ഓരോ വ്യക്തിയും ക്ഷയരോഗത്തെ കുറിച്ച് അറിയേണ്ടതും മറ്റുള്ളവരിലേക്ക് അറിവ് പങ്കിടേണ്ടതും അത്യാവശ്യമാണ്. ക്ഷയരോഗമുക്ത ആലപ്പുഴ എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി ജില്ല എജ്യൂക്കേഷൻ & മീഡിയ വിഭാഗം ലോക TB ദിനാചരണത്തിന്റെ ഭാഗമായി ആരംഭിച്ച ബോധവൽക്കരണ ക്യാമ്പയിനാണ് I am a TB Warrior. ക്ഷയരോഗം നേരത്തെ കണ്ടെത്തി ചികിത്സിച്ച് ഭേദമാക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ചു മനസ്സിലാക്കുന്നതിനോടൊപ്പം മറ്റുള്ളവരിലേക്ക് ആ അറിവുകൾ എത്തിക്കുന്ന പ്രചാരകരാകാൻ ഓരോ വ്യക്തിയെയും പ്രാപ്തരാക്കുവാൻ ക്യാമ്പയിൻ ലക്ഷ്യമിടുന്നു. 'ലോക ക്ഷയരോഗ ദിനാചരണ സന്ദേശം യാഥാർഥ്യമാക്കാൻ നമ്മൾ ഓരോരുത്തരും TB രോഗത്തെ തുരത്തുന്ന പോരാളികളാകുക' എന്നതാണ് I am a TB Warrior ക്യാമ്പയിന്റെ സന്ദേശം




**എങ്ങനെ TB Warrior ആകാം?**

⇒ ക്ഷയരോഗലക്ഷണങ്ങൾ കൃത്യമായി മനസ്സിലാക്കുക
⇒ രോഗ ലക്ഷണങ്ങൾ ഉണ്ടായാൽ എത്രയും പെട്ടെന്ന് കഫ പരിശോധന നടത്തുന്നതിന്റെ പ്രാധാന്യം ഉൾക്കൊള്ളുക.
⇒ പരിപൂർണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന രോഗമാണ് ക്ഷയം എന്ന് തിരിച്ചറിയുക
⇒ നേടിയ അറിവ് വ്യക്തി ജീവിതത്തിലും കുടുംബാംഗങ്ങളുടെ, കാര്യത്തിലും ഉപയോഗപ്പെടുത്തുക
⇒ തൊഴിലിടങ്ങളിലെ /പ്രവർത്തിക്കുന്ന സംഘടനകളുടെ/ സൗഹൃദ കൂട്ടായ്മകളിൽ / കുടുംബ കൂട്ടയ്മകളിൽ തുടങ്ങി ഒരു സമൂഹത്തിൽ ഇടപെടുന്ന ഇടങ്ങളിൽ എല്ലാം ബോധവത്ക്കരണ സന്ദേശം എത്തിക്കുക
⇒ ക്ഷയരോഗബാധിതകർക്ക് മാനസിക പിന്തുണ നൽകുക
⇒ ക്ഷയരോഗ ചികിത്സ കൃത്യമായി എടുക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും രോഗബാധിതർക്ക് ലഭ്യമാക്കുന്ന സേവനങ്ങളെ കുറിച്ചും മനസ്സിലാക്കുക.
⇒ നേടുന്ന അറിവ് മറ്റുള്ളവർക്ക് പങ്കിടുക.

ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി യാത്രാ ബോട്ടുകളിൽ, യാത്ര ബോട്ടുകളുടെ ജീവനക്കാർ, സ്കൂൾ വിദ്യാർത്ഥികൾ, ക്ഷയരോഗ മുക്തരായവർ തുടങ്ങിയവർക്കിടയിൽ ക്യാമ്പയിന്റെ പ്രചരണാർത്ഥം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും TB Warrior ബാഡ്ജ് നൽകുകയും ചെയ്തു. വിവിധ ഗ്രൂപ്പുകളെ ലക്ഷ്യം വെച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ദേശീയ ക്ഷയ രോഗ നിവാരണ പരിപാടിയുടെ ഭാഗമായുള്ള നൂറുദിന കർമ്മപരിപാടിയിലും ടിബി വാരിയർ എന്ന ആശയം ഉപയോഗപ്പെടുത്തുന്നുണ്ട്.

## 6.6 അമരം (Alappuzha Model of Anti-Microbial Resistance Awareness and Mitigation)

**ALAPPUZHA MODEL OF ANTIMICROBIAL RESISTANCE AWARENESS AND MITIGATION ( AMARAM)**

**അമരം**

**സാമൂഹ്യാധിഷ്ഠിത ആന്റി മൈക്രോബിയൽ പ്രതിരോധ നിയന്ത്രണ പരിപാടി**

ആധുനിക വൈദ്യശാസ്ത്രം നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന വെല്ലുവിളിയായ ആൻറി മൈക്രോബിയൽ പ്രതിരോധത്തെ നേരിടുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഓപ്പറേഷൻ അമൃത് (AMRIT Anti-microbial Resistance Intervention for Total Health) പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയ അമരം (AMARAM - Alappuzha Model of Anti-Microbial Resistance Awareness and Mitigation) ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ഫലപ്രദമായി തുടരുന്നു. പ്രാദേശികമായി AMR ഹോട്ട് സ്പോട്ടുകൾ തിരിച്ചറിഞ്ഞ് തദ്ദേശീയമായ ഇടപെടലുകളിലൂടെയും അനുബന്ധ വകുപ്പുകളുടെ സഹകരണത്തോടെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ആൻറി മൈക്രോബിയൽ മരുന്നുകളുടെ ദുരുപയോഗത്തിനെതിരെയുള്ള സമഗ്രമായ ബോധവൽക്കരണ പ്രവർത്തനത്തിനൊപ്പം പ്രയോഗതലത്തിൽ ആൻറി മൈക്രോബിയൽ പ്രതിരോധം മറികടക്കുന്നതിന് ഉതകുന്ന പ്രിസ്ക്രിപ്ഷൻ ഓഡിറ്റ്, അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ, ഉപയോഗശൂന്യമായ മരുന്നുകളുടെ നിർമാർജനം ഉറപ്പാക്കുന്ന പ്രൌഡ് പദ്ധതി നടപ്പിലാക്കുക തുടങ്ങിയവ ജില്ലയിലെ 12 ആരോഗ്യ ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ പദ്ധതി സമർപ്പിച്ച് നടപ്പിലാക്കുന്നു. കൂടാതെ ആശുപത്രികളുടെ നേതൃത്വത്തിൽ തനത് പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

## 6.7 പ്രിയം (PReparatory Information for Young Adults on Married Life)

നവദമ്പതികൾക്ക് കുടുംബക്ഷേമ-ശിശുപരിചരണ സന്ദേശങ്ങൾ അടങ്ങുന്ന മംഗളപത്രം നൽകി ആശംസ നേരുന്ന ബോധവത്ക്കരണ പരിപാടിയായ 'പ്രിയം' (PRIYAM -PReparatory Information for Young Adults on Married Life) ക്യാമ്പയിന് ലോകാരോഗ്യ ദിനമായ 2025 ഏപ്രിൽ 7നാണ് ജില്ല എജ്യൂക്കേഷൻ & മീഡിയ വിഭാഗം ജില്ലയിൽ തുടക്കം കുറിച്ചത്.




സ്വപ്നങ്ങളൊക്കെയും പങ്കുവെക്കാം, നേരം നല്ല നേരം, കാത്തിരിപ്പൂ കൺമണി, ആദ്യത്തെ കൺമണി, താരാട്ടിൻ ചെപ്പു തുറക്കാം, അമ്മമധുരം അതിപ്രധാനം, അല്ലിയിളം പൂവേ മുതലായ മലയാള സിനിമാഗാനങ്ങളുടെ പേരുകൾ ഉൾപ്പെടുത്തി കുടുംബജീവിതത്തെ സംബന്ധിച്ചും ഗർഭകാല-പ്രസവാനന്തര ആരോഗ്യശീലങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ആകർഷണീയതയോടെ നവദമ്പതികൾക്കു പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രിയം ക്യാമ്പയിൻ നടപ്പിലാക്കിവരുന്നത്. അതോടൊപ്പം, സംസ്ഥാന ആരോഗ്യവകുപ്പ് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി നൽകിവരുന്ന വിവിധസേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ' പ്രിയം' കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 6.8 Half Birthday

ഗർഭിണികളുടെയും അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യപൂർണ്ണമായ പരിചരണത്തിനും പരിപാലനത്തിനുമായി സാമൂഹിക പങ്കാളിത്തം ഉറപ്പാക്കി കൊണ്ട് ജില്ലയിൽ നടപ്പിലാക്കിവരുന്ന മാതൃകാപരമായ ഒരു ഇടപെടലാണ് **മാവേലിക്കര ജില്ല ആശുപത്രി** സംഘടിപ്പിച്ചു വരുന്ന **രാരീരം ഹാഫ് ബർത്ത്ഡേ** പരിപാടി. എല്ലാ മാസവും ആറാം തീയതി ആറുമാസം പൂർത്തിയായ കുഞ്ഞുങ്ങളാണ് ഹാഫ് ബർത്ത്ഡേ പരിപാടിയിൽ പങ്കെടുക്കുന്നത്. കുഞ്ഞുങ്ങളുടെ വളർച്ചയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് നിർണ്ണായകമായ ഇടപെടൽ ആവശ്യമായ ഘട്ടമാണ് ജനിച്ച് ആറുമാസം പൂർത്തീകരിക്കുന്ന വേള. ആറുമാസം പൂർത്തീകരിക്കുമ്പോൾ മുലയൂട്ടലിനോടൊപ്പം തന്നെ പൂരകാഹാരം ശരിയായ രീതിയിൽ കുഞ്ഞുങ്ങൾക്ക് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഈ സമയത്ത് ആഹാരകാര്യങ്ങളിലും മറ്റും വേണ്ടത്ര ശ്രദ്ധ ലഭിക്കാതിരുന്നാൽ അത് കുഞ്ഞുങ്ങളിൽ പോഷണക്കുറവിനും അനുബന്ധ വളർച്ചാ പ്രശ്നങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് കുഞ്ഞുങ്ങളുടെ സമഗ്ര വികാസം ഉറപ്പാക്കുന്നതിന് രക്ഷിതാക്കളും ആരോഗ്യ സംവിധാനവും ഒത്തൊരുമിക്കുന്ന ഒരു ആഘോഷ വേള ഒരുക്കുകയാണ് ഹാഫ് ബർത്ത്ഡേയിലൂടെ സാധ്യമാകുന്നത്. അനുയോജ്യവും പോഷകപ്രദവുമായ ആഹാരം ഉറപ്പാക്കുക, ആരോഗ്യകരമായ ആഹാരശൈലി രൂപപ്പെടുത്തുക, വളർച്ചാ നിർണ്ണയം, അനുബന്ധ പരിശോധനകൾ, പ്രതിരോധ കുത്തിവെപ്പുകൾ, മാതൃ ശിശു സംരക്ഷണ സേവനങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ മാതാപിതാക്കളുടെയും മറ്റ് കുടുംബാഗങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചുവരുന്നത്.




വ്യത്യസ്തത കൊണ്ടും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൊണ്ടും ശ്രദ്ധേയമായ ഈ പരിപാടി അതിന്റെ ഒന്നാം വാർഷികം പൂർത്തിയാക്കുന്ന വേളയിൽ കേരളക്കരക്കാകെ മാതൃകയാകുന്ന ഉദാത്തമായ ഒരു ഇടപെടലായി മാറിയിട്ടുണ്ട്.

## 6.9 ഈഡിസിന് ഇടമില്ല

ഡെങ്കിപ്പനി പ്രതിരോധ ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലയിൽ നടന്നുവരുന്ന ശ്രദ്ധേയമായ പരിപാടിയാണ് **ഈഡിസിന് ഇടമില്ല** ക്യാമ്പയിൻ. ക്യാമ്പയിന്റെ ഏറ്റവും പ്രധാന ഉദ്ദേശ്യം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ യഥാക്രമം സ്കൂളുകൾ, സ്ഥാപനങ്ങൾ, വീടുകൾ കേന്ദ്രീകരിച്ച് ഡ്രൈ ഡേ നടത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്കായി ഡെങ്കി പ്രതിരോധ പ്രതിജ്ഞ, ഉറവിട നശീകരണ പ്രവർത്തനങ്ങളെ കുറിച്ചുള്ള അനുഭവങ്ങൾ പങ്കിടൽ, ഡെങ്കി പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചുള്ള ആരോഗ്യപാഠം മൊഡ്യൂളുകൾ അധ്യാപകർ വഴി കുട്ടികളിലേക്ക് എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പം ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വ്യാഴാഴ്ച വീടും പരിസരവും നിരീക്ഷിക്കുന്നതിന് ആരോഗ്യപ്രവർത്തകർ വീടുകളിൽ എത്തുന്നു എന്ന സന്ദേശം പ്രചരിപ്പിക്കുന്ന സോഷ്യൽ മീഡിയ പോസ്റ്ററുകളും പ്രചരിപ്പിക്കുന്നു.

### ഈഡിസിനും ഓണപ്പരീക്ഷ

ഡെങ്കിപ്പനി പ്രതിരോധത്തിനെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനും കുട്ടികളിലൂടെ കുടുംബങ്ങളിൽ ആഴ്ചതോറുമുള്ള ഉറവിട നശീകരണം പ്രാധാന്യത്തെക്കുറിച്ചുള്ള സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് **ഈഡിസിനും ഓണപ്പരീക്ഷ** എന്ന വ്യത്യസ്തമായ പരിപാടിയും ക്യാമ്പയിന്റെ ഭാഗമായി ആര്യാട് ഗവൺമെൻറ് ഹൈസ്കൂളിൽ തുടക്കം കുറിച്ചു. ആദ്യ ഘട്ടത്തിൽ ജില്ലാ ആരോഗ്യവകുപ്പ് സ്കൂൾ സോഷ്യൽ സർവീസ് സ്കീമിലെ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ് നടത്തുകയും തുടർ പ്രവർത്തനമായി വീട്ടിലും പരിസരത്തുമുള്ള ഉറവിടങ്ങൾ കണ്ടെത്തി ആഴ്ചതോറുമുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് ക്ലാസ്സുകൾ നൽകുകയും ചെയ്തു. തുടർന്നാണ് സാധാരണ കണ്ടുവരുന്ന ഉറവിടങ്ങൾ ഉൾക്കൊള്ളിച്ച ഉറവിട നശീകരണ ചെക്ക് ലിസ്റ്റിന്റെ സഹായത്തോടെ, ഓണപ്പരീക്ഷയ്ക്ക് ശേഷം ഈഡിസിനും ഓണ പരീക്ഷ എന്ന പ്രവർത്തനാധിഷ്ഠിത ബോധവത്കരണ പരിപാടിക്ക് തുടക്കം കുറിച്ചത്. ചെക്കിലിസ്റ്റ് വിശകലനം ചെയ്യുന്നതിലൂടെ സാധാരണയായി കണ്ടുവരുന്ന ഉറവിടങ്ങളെയും പുതുതായി തിരിച്ചറിയുന്ന ഉറവിടങ്ങളെയും മനസ്സിലാക്കാൻ കഴിയുകയും കുടുംബാംഗങ്ങൾ ഒരുമിച്ച് ഉറവിടങ്ങൾ കണ്ടെത്തുകയും ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു. പ്രവർത്തനാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ഉറവിട നശീകരണത്തിനെ കുറിച്ചുള്ള ശാസ്ത്രീയമായ അവബോധവും നൈപുണ്യവും കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കാൻ ഈ പരിപാടിയിലൂടെ സാധ്യമാവുന്നു.

## 6.10 ALERT (Awareness for LEptospirosis Reduction and Treatment)

ജില്ലയിലെ ഭൂപ്രകൃതിയും തൊഴിൽ സാഹചര്യങ്ങളും എലിപ്പനി പിടിപെടുന്നതിനുള്ള സാധ്യത കൂട്ടുന്ന ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ നിരന്തരവും സമഗ്രവുമായ സമീപനമാണ് എലിപ്പനി ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്. എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തുന്നതിനായി ജില്ലയിൽ ആരംഭിച്ച ക്യാമ്പയിനാണ് **ALERT (Awareness for LEptospirosis Reduction and Treatment).** പ്രാഥമികമായി എലിപ്പനിയെ പ്രതിരോധിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വയം ചികിത്സയുടെ അപകടങ്ങളും ഡോക്സി പ്രൊഫൈലാക്സിസിന്റെ ഗുണങ്ങളും ക്യാമ്പയിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ നൽകിവരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിവിധ തൊഴിൽ ചെയ്യുന്നവർക്കുള്ള നിർദ്ദേശങ്ങൾ എത്തിക്കുന്നതിനായി ഇന്റർ സെക്ടറൽ കോർഡിനേഷൻ ഉറപ്പാക്കുന്നു. രോഗം കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും അപായ ബോർഡുകൾ സ്ഥാപിച്ചു വരുന്നു. നെഹ്റു യുവ കേന്ദ്ര, എൻ.എസ്.എസ്, കുടുംബശ്രീ തുടങ്ങിയ വിവിധ കൂട്ടായ്മകളുടെ ഇടപെടലുകൾ ഇതിനായി പ്രയോജനപ്പെടുത്തുന്നു.




കുട്ടികൾ, യുവാക്കൾ, ക്ഷീരകർഷകർ, മത്സ്യ സംസ്കരണം, നെൽകൃഷി സംഘങ്ങൾ നടത്തുന്നവർ തുടങ്ങി വിവിധ ഗ്രൂപ്പുകൾക്ക് അവരുടെ സാഹചര്യവുമായി അനുബന്ധിച്ച് എടുക്കേണ്ട പ്രതിരോധശീലങ്ങൾക്കായി പ്രത്യേക സാമഗ്രികൾ സോഷ്യൽ മീഡിയയിലൂടെയും അല്ലാതെയും നൽകിവരുന്നു. ജില്ലയിലെ എല്ലാ അധ്യാപകർക്കും ഓൺലൈൻ ക്ലാസുകളിലൂടെ എലിപ്പനിക്കായി പ്രത്യേക ബോധവൽക്കരണ പരിപാടി മഴക്കാലം തുടങ്ങുന്നതിന് മുമ്പ് നൽകിയിരുന്നു. തൊഴിലുറപ്പ് ജോലിയിൽ ജോലിയുമായി ബന്ധപ്പെട്ട മേറ്റുമാർക്ക് പ്രത്യേക ട്രെയിനിങ്ങും നിർദ്ദേശങ്ങളും നൽകുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകനയോഗങ്ങൾ നടത്തുകയും വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകളും പരിശീലനങ്ങളും നടത്തിവരുന്നു.

## 6.11 മിന്നാമിന്നിക്കൂട്ടം: കരുതലോടെ കൗമാരത്തിനൊപ്പം

ശാരീരിക മാനസിക വളർച്ചയുടെയും വികാസത്തിന്റെയും പുതിയ സാമൂഹ്യ ഇടപെടലുകളുടെയും കാലഘട്ടമാണ് കൗമാരം. അതുകൊണ്ടുതന്നെ കൗമാരക്കാലം വെല്ലുവിളികൾ നിറഞ്ഞതാണ്. കൗമാരക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ എന്നിവ ഉറപ്പാക്കി അവരുടെ ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം രൂപീകരിച്ച രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രമം (RKSK) രൂപപ്പെടുത്തിയ പിയർ എഡ്യുക്കേഷൻ പരിപാടിയുടെ ആലപ്പുഴ ജില്ലയിലെ ആവിഷ്കരണമാണ് **മിന്നാമിന്നിക്കൂട്ടം.** വിദ്യാർത്ഥികളുടെ ശാരീരിക മാനസിക ആരോഗ്യം മെച്ചപെടുത്തുന്നതിനുള്ള അറിവും ശേഷികളും ആർജ്ജിച്ച് കൂട്ടുകാർക്കിടയിൽ തിരിച്ചറിവിന്റെ പ്രകാശം എത്തിക്കുക എന്നതാണ് മിന്നാമിന്നി കൂട്ടത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ദേശീയ കൗമാര ആരോഗ്യ പരിപാടിയുടെ (RKSK) നേതൃത്വത്തിൽ ജില്ലാ ആരോഗ്യവകുപ്പ് സൗഹൃദ സഹപഠനത്തിനായി തെരഞ്ഞെടുത്ത സ്കൂൾ വിദ്യാർഥികൾക്കായി പരിശീലന പരിപാടി നടത്തി. ആർ കെ എസ് കെ യുടെ ജില്ല-ബ്ലോക്ക് അംഗങ്ങളും അധ്യാപകരും സംയുക്തമായി 8, 9, 11 ക്ലാസുകളിൽ നിന്ന് ഒരു പെൺകുട്ടിയും ഒരാൺകുട്ടിയും എന്ന നിലയിൽ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത്. ഒരു ബ്ലോക്കിൽ നിന്ന് പരമാവധി 200 കുട്ടികൾക്കാണ് പോഷകാഹാരം, ലൈംഗിക പ്രത്യുൽപാദന ആരോഗ്യം, ജീവിതശൈലി രോഗങ്ങൾ, ലഹരി ഉപയോഗം, അപകടങ്ങളും അതിക്രമസ്വഭാവങ്ങളും, മാനസികാരോഗ്യം, ഇലക്ട്രോണിക് സമൂഹമാധ്യമ സുരക്ഷ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയത്.

വിദ്യാർത്ഥി കേന്ദ്രീകൃതമായ ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും ഡോക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നഴ്സ് തുടങ്ങിയ വിദഗ്ധരാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്. പരിശീലനത്തിലൂടെ കുട്ടികൾക്ക് സമപ്രായക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി സൗഹാർദപരമായി പരിഹരിക്കുന്നതിനുള്ള നൈപുണികൾ വികസിപ്പിക്കാനാവും. സഹപാഠികളുടെ അനാരോഗ്യകരമായ ശീലങ്ങൾ തുടക്കത്തിലെ തിരിച്ചറിയുന്നതിനുള്ള ബഡ്ഡി ഡിറ്റക്ഷൻ, കൂട്ടുകാരുടെ പ്രശ്നങ്ങളിലും ആശയക്കുഴപ്പങ്ങളിലും ഇടപെട്ട് അവരെ സഹായിക്കുന്ന ബഡ്ഡി ഹെൽപ്പ്, സങ്കീർണമായ പ്രശ്നങ്ങൾ സ്കൂൾ കൗൺസിലർ, കൗമാര ആരോഗ്യ കൗൺസിലർ, ആരോഗ്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരിലേക്ക് എത്തിക്കുന്ന ബഡി റഫറൽ എന്നിവ **മിന്നാമിന്നിക്കൂട്ടത്തിന്റെ** പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

## 6.12 ലിറ്റിൽ ചാമ്പ്യൻസ്




പുകയിലരഹിത, ലഹരിരഹിത വിദ്യാലയങ്ങളും വീടുകളും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കുട്ടികളുടെ ഇടപെടൽ ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് 2025 മെയ് 31ന് ലോക പുകയിലവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലയിൽ ആരംഭിച്ച ക്യാമ്പയിനാണ് ലിറ്റിൽ ചാമ്പ്യൻസ്. [Leveraging Intervention Targeting Tobacco through Leadership Education (LITTLE) Champions]. സ്വന്തം വീട്ടിലെയും ഇടപെടാൻ കഴിയുന്ന മറ്റു കുടുംബങ്ങളിലെയും വേണ്ടപ്പെട്ടവരുടെ പുകയില ഉപയോഗവും ലഹരി ഉപയോഗവും നിരുത്സാഹപ്പെടുത്തുന്നതിനായി കുട്ടികളുടെ സ്നേഹപൂർമുള്ള അഭ്യർത്ഥനകളിലൂടെ ഇടപെടൽ നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ശ്രമിക്കുന്നത്. അതോടൊപ്പം ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും പ്രത്യാഘാതങ്ങളെ ക്കുറിച്ചും മനസ്സിലാക്കി ലഹരി ഉപയോഗത്തിലേക്ക് പോകില്ല എന്ന ഉറച്ച തീരുമാനം സ്വമേധയാ എടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും ക്യാമ്പയിനിലൂടെ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു. പുകയില-ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ വരച്ച പോസ്റ്ററുകളുടെ പ്രദർശനം, ലഹരിക്കെതിരെ മോഡൽ പാർലമെന്റ് തുടങ്ങിയ പരിപാടികൾ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കും. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26നകം ജില്ലയിലെ എല്ലാ വിദ്യാലയങ്ങളെയും പുകയിലരഹിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കാനുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും ക്യാമ്പയിൻ ഉറപ്പാക്കും. ക്യാമ്പയിന്റെ മുന്നൊരുക്കമായി ജില്ലയിലെ കുടുംബശ്രീ ബാലസഭ അംഗങ്ങളായ വിദ്യാർത്ഥികൾക്കും റിസോഴ്സ് പേഴ്സൺസിനും ഓറിയന്റേഷൻ നൽകി.


ദേശാഭിമാനി
ചെട്ടികുളങ്ങര കുടുംബാരോഗ്യകേന്ദ്രത്തിന് ദേശീയ ഗുണനിലവാര അംഗീകാരം
ഔഷധ ഉദ്യാനം
ആർദ്രത്തിൽ തിളങ്ങി ആരോഗ്യമേഖല
പാണാവള്ളി ആരോഗ്യകേന്ദ്രത്തിന് വീണ്ടും ദേശീയാംഗീകാരം
2025 മെയ് 3 ശനി
NO DRUGS
ലഹരിച്ചുഴിയിലാണോ ?
കൈപിടിച്ചുയർത്താൻ ജനറൽ ആശുപത്രിയുണ്ട്
ലോകാരോഗ്യ ദിനാചരണവും സെമിനാറും
പാണ്ടനാട് സാമൂഹികാരോഗ്യകേന്ദ്രം സമർപ്പിച്ചു
സൂപ്പർ സ്പെഷ്യാലിറ്റി മികവിൽ മെഡിക്കൽ കോളേജ്
ലാബും കുടുംബാരോഗ്യ കേന്ദ്രവും തുറന്നു
2 കോടിയുടെ സൗകര്യങ്ങൾ ഒരുക്കി
ലെപ്രസി സാനിട്ടോറിയ
ഡയാലിസിസ് യൂണി